# കേരള പ്രൈവററ് കോളേജ് ടീച്ചർ

ആഗസ്ററ് 1982

സെക്രട്ടറിയേററുപടിക്കൽ കൂട്ടധർണ്ണ



# AKPCTA Journal

# കേരള
# പ്രൈവററ് കോളേജ് ടീച്ചർ

അഖിലകേരള പ്രൈവററ് കോളേജ്
അധ്യാപകസംഘടനയുടെ മുഖപത്രം

ആഗസ്ററ് 1982
ലക്കം 38
വില ഒരു രൂപ



പത്രാധിപസമിതി:
എം. ആർ. ചന്ദ്രശേഖരൻ
(ചെയർമാൻ)
എൻ. എം. ജോസഫ്
എം. കെ. ചിണ്ടൻകുട്ടി
തോളൂർ ശശിധരൻ
കെ. കെ. രാമകൃഷ്ണൻ
ടി. ഗോപാലകൃഷ്ണൻ
വി. നാരായണൻ കുട്ടി
വി. എൻ. മുരളി
(ചീഫ് എഡിററർ)


# അറിയിപ്പുകൾ

## അസോസിയേഷൻ വരിസംഖ്യ: ട്രഷററുടെ അഭ്യർത്ഥന

സുഹൃത്തേ,

അസോസിയേഷൻെറ ട്രഷററായി എന്നെ തിരഞ്ഞെടുത്തതിൽ എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. നമ്മുടെ സംഘടനയെ പൂർവാധികം ശക്തിപ്പെടുത്താനുള്ള പരിശ്രമത്തിൽ നമുക്ക് സഹകരിച്ച് പ്രവർത്തിക്കാം.

പുതിയ കൊല്ലം പുതുതായി 500 അംഗങ്ങളെ ചേർക്കണമെന്നാണ് അസോസിയേഷൻ പ്രവർത്തക സമിതി നിശ്ചയിച്ചിട്ടുള്ളത്. കഴിഞ്ഞവർഷം അംഗസംഖ്യ 3272 ആയിരുന്നു. കോളേജുകളിൽ ഷിഫ്ററ് തുടങ്ങിയതിൻെറ ഫലമായും, പുതിയകോഴ്സുകൾ അനുവദിക്കുക മൂലവും പുതിയ കോളേജുകൾ തുറന്നതുകൊണ്ടും, അദ്ധ്യാപകരുടെ എണ്ണത്തിൽ സാരമായ വർദ്ധന ഉണ്ടായിട്ടുണ്ട്. പുതുതായി 500 അംഗങ്ങളെ ചേർക്കുക പ്രായോഗികതയുടെ പരിധിയിൽ നിൽക്കുന്ന ഒരു കാര്യമാകുന്നു. വാർഷിക വരിസംഖ്യ 15ക; പുതുതായി ചേരുന്നവർ പ്രവേശനഫീസ് 1ക. കൂടുതൽ നൽകേണ്ടതുണ്ട്.

വാർഷിക വരിസംഖ്യ ആഗസ്ററ് അവസാനിക്കുന്നതിന്നുമുമ്പ് നൽകിയിരിക്കണമെന്നാണ് അസോസിയേഷൻ ഭരണഘടന അനുശാസിക്കുന്നത്. നിശ്ചിത തീയതിക്ക് മുമ്പ് സംഖ്യ അയച്ചുതരാൻ സവിനയം അഭ്യർത്ഥിക്കുന്നു.

വിധേയൻ,
**എം. കെ. ചിണ്ടൻകുട്ടി,**
ട്രഷറർ,
എ. കെ. പി. സി. ടി. എ
സർ സെയ്ദ് കോളേജ്, തളിപ്പറമ്പ്.

## ജേർണൽ വില: ഒരു രൂപ
## വാർഷിക വരിസംഖ്യ: പത്തുരൂപ

ജേർണൽ വില അല്പം വർദ്ധിപ്പിയ്ക്കുന്നു. ആഗസ്ററ് ലക്കംമുതൽ ഒററപ്രതിയ്ക്ക് ഒരു രൂപയായിരിക്കും വില. വാർഷികവരിസംഖ്യ പത്തു രൂപയും.

അച്ചടി, പോസ്ററേജ് തുടങ്ങി എല്ലാ രംഗത്തേയും ചെലവുകൾ വർദ്ധിച്ചതുകൊണ്ടാണ് അസോസിയേഷൻ ഇങ്ങനെ ഒരു തീരുമാനമെടുത്തത്.

## വരിസംഖ്യ പുതുക്കുമ്പോൾ

അംഗങ്ങൾ വരിസംഖ്യപുതുക്കാൻ എഴുതുമ്പോൾ റാപ്പറിൽ കൊടുത്തിട്ടുള്ള ലഡ്ജർ നമ്പർകൂടി കാണിക്കണം. ബ്രാഞ്ചുസെക്രട്ടറിമാർ വരിക്കാരുടെ പേരുവിവരം ഒന്നിച്ച് അയയ്ക്കുമ്പോഴും ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.


*All Correspondence regarding the journal should be addressed to: V. N. Murali, Vasantham, Chempakaserry Nagar, Kesavadasapuram, Trivandrum.*

# പ്രീ ഡി ഗ്രി

# പരീക്ഷാഫലം

കേരള യൂണിവേഴ്സിററി പ്രീഡിഗ്രി പരീക്ഷാ ഫലം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പൊതുവിൽ വിദ്യാഭ്യാസ തല്പരരെയും അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധത്തിൽ കുട്ടികൾ തോററുപോയി. 1, 10, 774 വിദ്യാർത്ഥികൾ പരീക്ഷയെഴുതിയിട്ട് 22829 പേർ മാത്രം ജയിച്ചു. വെറും 20.5 ശതമാനം. കഴിഞ്ഞവർഷം കേരള യൂണിവേഴ്സിററിയിലെ പ്രീഡിഗ്രി വിജയ ശതമാനം 37.5 ആയിരുന്നു.

കാലിക്കററ് യൂണിവേഴ്സിററിയിലെ വിജയ ശതമാനം താണിട്ടില്ല. 53785 വിദ്യാർത്ഥികൾ പരീക്ഷയെഴുതി; 20676 പേർ ജയിച്ചു. ശതമാനം 38.44. കഴിഞ്ഞകൊല്ലത്തെ വിജയശതമാനം 36.48 ആയിരുന്നു.

കേരള യൂണിവേഴ്സിററിയൽ പ്രീഡിഗ്രിയിൽ ഉണ്ടായ ഭീമമായ തോൽവി പെട്ടെന്ന് ഒരു വർഷം വിദ്യാർത്ഥികൾ ആകെ അലസന്മാരും മന്ദബുദ്ധികളും ആയിട്ടുണ്ടായതാകണമെന്ന് കരുതാൻ ന്യായമില്ലല്ലോ. വിജയ ശതമാനം കുത്തനെ ഇടിയാൻ തക്കവിധത്തിൽ ഏതു പ്രത്യേക സംഗതിയാണ് പരീക്ഷയുമായി ബന്ധപ്പെട്ടുണ്ടായത് എന്ന് അന്വേഷിക്കാതിരിക്കുന്നുത് ശരിയല്ല. കുട്ടികൾ പഠിക്കാഞ്ഞിട്ടാണെന്നു പറയുന്നത് പോയവർഷങ്ങളിലെല്ലാം അവർ ശുഷ്കാന്തിയോടെ പഠിച്ചിരുന്നു എന്നു വാദിക്കുന്നതിന് തുല്യമാണല്ലോ. മുൻകൊല്ലങ്ങളിൽ ഉണ്ടായ പോലെയുള്ള പഠിയ്ക്കലും പഠിപ്പിക്കലും പരീക്ഷ എഴുത്തും ഉത്തരക്കടലാസ്സ് പരിശോധനയുമൊക്കെയാണ് ഇക്കൊല്ലവും ആവർത്തിച്ചിട്ടുള്ളത്. ഒരു വിശേഷതയുമില്ലാത്ത ഒരു കൊല്ലമായിരുന്ന 1981–1982 അക്കാദമിക വൽസരം. മാത്രമല്ല, കാലിക്കററ് സർവ്വകലാശാലയിൽ പ്രീഡിഗ്രി വിജയ ശതമാനം ഇക്കൊല്ലം അല്പമൊന്നുയർന്നതായിട്ടാണല്ലോ കാണുന്നത്.

ഞങ്ങൾ ഈ തോൽവിയുടെ കാരണങ്ങളെപ്പററി മുൻവിധിയോടെ എന്തെങ്കിലും പറയാൻ ഉദ്ദേശിക്കുന്നില്ല. അഭ്യൂഹങ്ങളുടെ പട്ടങ്ങൾ പറപ്പിച്ചിട്ടു ഫലമില്ലല്ലോ. ഞങ്ങൾ ആവശ്യപ്പെടുന്നത്, ഈ 'റിക്കാർഡ്' തോൽവിയുടെ കാരണങ്ങൾ എന്താണെന്ന് ഗൗരവമായിത്തന്നെ അന്വേഷിച്ചു കണ്ടുപിടിക്കണമെന്നാണ്. പഠിയ്ക്കാഞ്ഞിട്ട തോററു എന്നു പറയുന്നത് വെറും തർക്കുത്തരമേ ആവുന്നുള്ളു. ആ വിധത്തിൽ സംസാരിക്കുന്നവർ പ്രശ്നത്തെ അധികലളിതം ആക്കുകയാണ്.

വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ വിപുലമായ ഒരു പ്രസ്ഥാനമാണ്. അതിന്റെ പേരിൽ ചെലവഴിക്കുന്ന തുക വമ്പിച്ചതാണ്. ലക്ഷക്കണക്കിന് ആളുകളുടെ അധ്വാനം അതിലുണ്ട്. ശൈശവം മുതൽ മനുഷ്യൻ പുസ്തകം കരളാൻ തുടങ്ങുന്നു. ഒരു ഡസൻ വർഷം ക്ലാസ്സിലിരുന്നു ബെഞ്ചുതേഞ്ഞ ശേഷമാണ് ഒരു കുട്ടി പ്രീഡിഗ്രി പരീക്ഷ എഴുതുന്നത്. അത്രയും കാലം കൊണ്ട് അയാൾ ചെയ്ത അധ്വാനം എത്ര പെരുത്തതാണ്! അതിനൊന്നും ഒരു ഫലവുമില്ലന്നോ! ആ നീണ്ടകാലത്തിനിട

കുറിപ്പുകൾ

# വി. ആർ. സുബ്രഹ്മണ്യം

എ. കെ. പി. സി. ടി. എ. യുടെ സ്ഥാപക നേതാവായ പ്രൊഫ. വി. ആർ. സുബ്രഹ്മണ്യം നമ്മെ വിട്ടുപിരിഞ്ഞിട്ട് ആഗസ്ററ് 7 ന് മൂന്നുകൊല്ലം തികഞ്ഞു. കേരളത്തിലെ പ്രൈവററ് കോളേജ്ധ്യാപകർക്ക് ഒരു സംഘടനയും അവകാശബോധവും ആത്മവിശ്വാസവും ഉണ്ടാക്കിയതാണ് വി. ആർ. എസ് ചെയ്ത ഏററവും വലിയ സേവനം. ജൻമനാ അദ്ദേഹം ഒരുപോരാളിയായിരുന്നു. അസ്വാതന്ത്ര്യത്തിൻെറ കാലത്ത് അദ്ദേഹം സ്വാതന്ത്രത്തിനു വേണ്ടി പൊരുതി. വ്യക്തി ജീവിതത്തിൽ വിപ്ലവപരമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ അദ്ദേഹം സംശയിച്ചില്ല. വി. ആർ എസ്സിൻെറ കുടുംബജീവിതം അതിൻെറ ദൃഷ്ടാന്തമാണ്. ഇന്ത്യ സ്വതന്ത്രമാവുകയും കേരളം ഒരു സംസ്ഥാനമായിത്തീരുകയും ചെയ്തിട്ടും താൻ ഉൾപ്പെടുന്ന പ്രൈവററ് കോളേജധ്യാപക സമുദായത്തിൻെറ സ്ഥിതി തുലോം ശോച്യമാണെന്നത് അദ്ദേഹത്തെ അസ്വസ്ഥനാക്കി. 1957 ൽ രൂപം കൊണ്ട മലബാർ കൊച്ചിപ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ അദ്ദേഹത്തിൻെറ കൂടി പരിശ്രമഫലമായിരുന്നു. കേരളത്തിലെ സ്വകാര്യ

---

യ്ക്ക് യാതൊന്നുംപഠിച്ചിട്ടില്ലെന്നോ? പഠിച്ചത് കുറഞ്ഞ ഒരു ശതമാനം വരുന്നവർ മാത്രമാണെന്നോ ? ഇപ്പോൾ എല്ലാവരും പാസ്സാകുന്ന സ്കൂൾ വ്യവസ്ഥ വിമർശന വിഷയമായിട്ടുണ്ട്. ഒന്നാം ക്ളാസ്സിൽ എല്ലാരും;രണ്ടുമുതൽ ആറുവരെ 90 ശതമാനം;തുടർന്ന് 9—ാം സ്ററാൻഡേർഡുവരെ 85 ശതമാനം. എസ്സ്. എസ്സ്. എൽ. സി. ക്ക്. ശതമാനം കുത്തനെ ഇടിയുന്നു. ഏതാണ്ട് എസ്സ്. എസ്സ്. എൽ. സി. നിലവാരമാണ് പ്രീസിഗ്രി പരീക്ഷയിലും കണ്ടിട്ടുള്ളത്. മുമ്പൊരു കൊല്ലം എസ്. എസ്. എൽ. സി. പരീക്ഷാവിജയത്തിൻെറ ശതമാനം കുത്തനെ ഇടിഞ്ഞുകണ്ടു. അന്നത് ഔദ്യോഗിക നയമാണെന്ന് വിശദീകരിക്കപ്പെടുകയുണ്ടായി. ആ നയം തുടർന്നു കണ്ടില്ല. ഇപ്പോൾ കേരള യൂണിവേഴ്സിററിയിൽ കണ്ടതും ഒരു നയവ്യതിയാനത്തിൻെറ ഫലമാണോ ? മോഡറേഷൻെറ മന്ത്രവടി അധികാരികളുടെ കയ്യിലിരിക്കമ്പോൾ പരീക്ഷാഫലത്തിൻെറ ശതമാനം കൂടുകയും കുറയുകയുമൊക്കെ ചെയ്യുന്നത് കേവലം കൃത്രിമമായിട്ടാണ്. അപ്പപ്പോൾ അധികാരം വാഴുന്ന ആളുകൾക്ക് അങ്ങനെ തോന്നിയാൽ ശതമാനം കൂടും;മറിച്ചു തോന്നിയാൽ, ശതമാനംകുറയും. ആവിധത്തിൽ എന്തെങ്കിലുമൊരു തോന്നലിൻെറ തിക്തഫലമാണോ കേരളയൂണിവേഴ്സിററിയിൽ കണ്ടത് ?


അതിനെപററിയൊക്കെ തുറന്ന ഒരന്വേഷണവും വിലയിരുത്തലും വേണമെന്നാണ് ഞങ്ങളുടെ പക്ഷം. പരീക്ഷാഫലങ്ങളെ മോഡറേഷൻ മന്ത്രവടിയുടെ മായിക സ്വാധീനത്തിൽ നിന്നു മോചിപ്പിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. പഠിപ്പ് പഠിപ്പാകണം. പഠിക്കേണ്ടതു പഠിയ്ക്കുകതന്നെ വേണം. പഠിച്ചവർ മാത്രം ജയിക്കണം. എല്ലാവരും പഠിച്ചു ജയിക്കുന്ന ഒരു സാഹചര്യത്തെ നാം ലക്ഷ്യം വയ്ക്കണം. അതിനെന്തൊക്കെ വേണമോ, അതെക്കെവേണംഉടൻഎന്നാണ്ഞങ്ങൾആവശ്യപ്പെടുന്നത്

സ്കൂൾ അധ്യാപകർ പല അവകാശങ്ങളും സ്ഥാപിച്ചെടുത്ത്, ഡയറക്ററ് പേമെൻറിനുവേണ്ടിയുള്ള പോരാട്ടം മുറയ്ക്കു നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഇദംപ്രഥമമായി, കോളേജധ്യാപകർ സംഘടനയുണ്ടാക്കാൻ ആലോചിക്കുന്നത്. എന്നാൽ, പിന്നീട് കാര്യങ്ങൾ സത്വരമായി നീങ്ങി. 1957 – 59 കാലത്ത് കേരളത്തിൽ അധികാരത്തിൽ വന്ന കമ്യൂണിസ്ററ് ഗവർമെണ്ടിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫസർ. ജോസഫ് മുണ്ടശ്ശേരി അധികാരത്തിലും, വി. ആർ. എസ്. നേതൃത്വം നൽകിയ എ. കെ. പി. സി ടി. എ. പ്രക്ഷോഭണരംഗത്തും ഏകകാലത്തുണ്ടായത്, പ്രൈവററ് കോളേജധ്യാപകർക്ക് വലിയ അനുഗ്രഹമായിത്തീർന്നു. ആദ്യമായി ഒരു ശമ്പള സ്കെയിലും ശമ്പളത്തോടൊപ്പം ക്ഷാമബത്തയും പ്രൈവററ് കോളേജുകളിലെ അധ്യാപകർക്ക് ലഭിച്ചത് മുണ്ടശ്ശേരിയുടെകാലത്താണ്. പിന്നീട്, ഗവർമെണ്ട് കോളേജധ്യാപകരോട് ശമ്പളത്തിൻെറ തുല്യതയ്ക്കുവേണ്ടിയും, നിയമദത്തമായ സർവീസ് സംരക്ഷണത്തിനു വേണ്ടിയും, സർവ്വോപരി ഡയറക്ററ് പേമെൻറിനു വേണ്ടിയും അധ്യാപകർ സംഘടിതമായി ശബ്ദമുയർത്തി. 1967–69 കാലത്തെ ഇ. എം. എസ്. ഗവർമെണ്ടിൻെറ കാലത്ത് അധ്യാപകരുടെ സർവീസ് സംരക്ഷണത്തിന് വേണ്ട ഉറപ്പുകൾ ഉൾക്കൊള്ളുന്ന യുണിവേഴ്സിററിനിയമം പാസ്സായി. 1970–ൽ നമുക്കു് ഗവൺമെൻറ് കോളേജധ്യാപകരുമായി പാരിററി ലഭിച്ചു. ഗവൺമെൻറിലെ ഏതു ശമ്പളസ്കെയിലും നമുക്ക് ഗവൺമെൻറ് അതു നടപ്പിലാക്കുന്ന ആ സമയത്ത് കിട്ടുമെന്നുറപ്പായി. 1971–ൽ ആണ് ഡയറക്ട് പേമൻറിനുവേണ്ടിയുള്ള വിഖ്യാതമായ സമരം നടന്നത്. ആ സമരം നമ്മുടെ ആവശ്യം നിറവേറിക്കൊണ്ടല്ല അവസാനിച്ചതെങ്കിലും ആ സമരത്തിൻെറ അനിവാര്യ സൽഫലമെന്ന നിലയക്ക് 1972–ൽ നമുക്ക് ഡയറക്ട്പേമെൻറ് ലഭിച്ചു. 1976–ലാണ് പ്രൈവററ് കോളേജ് അദ്ധ്യാപകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നസ്ററാററ്യൂട്ടുകൾ വരുന്നത്. അതുകൂടെയായപ്പോൾ, പ്രൈവററ് കോളേജധ്യാപകർ പൈവററ് സ്ക്കൂൾ അധ്യാപകർ നേടിയത് ഏതാണ്ടെല്ലാം തന്നെ നേടിക്കഴിഞ്ഞു.

കൃത്യമായിപ്പറഞ്ഞാൽ ഇരുപതുകൊല്ലത്തെ പ്രക്ഷോഭണ – സമരങ്ങളെക്കൊണ്ടാണ് മേൽപ്പറഞ്ഞ നേട്ടങ്ങൾ നമുക്ക് ഉണ്ടായത്. അതിൽ ആദ്യത്തെ 16 കൊല്ലവും പ്രസ്ഥാനത്തിൻെറ അമരത്തുണ്ടായിരുന്നത് വി ആർ. എസ്സ് ആണ്. അനന്തരകാലത്തും അദ്ദേഹം നമ്മോടൊപ്പം തന്നെ ഉണ്ടായിരുന്നു. 1977–ൽ ആണ് വി. ആർ. എസ്സ്. സർവീസ്സിൽ നിന്നും പിരിഞ്ഞത്. ആ സന്ദർഭത്തിൽ, തൃശൂർ വച്ചുനടന്ന എ. കെ. പി. സി. ടി എ. കൺവെൻഷനിൽ വി. ആർ. എസ്സിൻെറ സേവനങ്ങളെ വിനയാദരങ്ങളോടെ കൊണ്ടാടുകയുണ്ടായി.

കേരളത്തിലെ അധ്യാപകരുടെ സംഘടനാശേഷി പ്രസിദ്ധമാണ്. അവർ ഉണ്ടാക്കിയ നേട്ടങ്ങൾ അസുയാവഹവുമാകുന്നു ഈ രണ്ടു കാര്യങ്ങളിൽ അധ്യാപക സമുദായത്തെ സേവിക്കുകയും നയിക്കുകയും ചെയ്തമഹാമതികളും ത്യാഗശീലരുമായ നേതാക്കൻമാർ നിരവധിയാണ്. എന്നാൽ, അവരിൽ രണ്ടു പേർ മററെല്ലാവരിലും നിന്നു വ്യത്യസ്തരായുണ്ട്. ആദ്യത്തെയാൾ ജോസഫ് മുണ്ടശ്ശേരിയാണ് ഇന്ന്അധ്യാപകർക്ക് എന്തൊക്കെയുണ്ടോ, അതധികവും അവർക്ക് നൽകിയതു മുണ്ടശ്ശേരിയാണ്. കോളേജധ്യാപകരെപ്പററിയാകുമ്പോൾ, മുണ്ടശ്ശേരിയോടൊപ്പം സ്മരിക്കേണ്ടപേരാണ് വി ആർ. എസിൻേത്.

വി ആർ. എസിനെപ്പററിയുള്ള ഉത്തേജകമായ സ്മരണകൾ നമ്മുടെ പ്രസ്ഥാനത്തിന് എന്നെന്നും ഒരു ശക്തിസ്രോതസ്സായിരിക്കും. ○



പ്രൊഫ. തോളൂർ ശശിധരൻ എ. കെ. പി. സി. ടി. എ വൈസ് പ്രസിഡൻറ്

# കത്തുകൾ

## ചിറകു മുളച്ച അർദ്ധസത്യം

പി. സി. ടി. എ. ജനറൽ സെക്രട്ടറിയുടെ ഒരു സർക്കുലർ (1/82–83) ഈയിടെ എന്റെ ശ്രദ്ധയിൽപെട്ടു. എ. കെ. പി. സി. ടി. എ. പ്രസിഡന്റിനെപ്പററി ഒരു ആക്ഷേപം അതിലുണ്ട്. കോഴിക്കോട്ടെ മലയാളം കേന്ദ്രീകൃത വാല്യേഷൻ ക്യാമ്പിൽ നിന്ന് എ. കെ. പി. സി. ടി. എ. പ്രസിഡന്റ്, "കോഴിക്കോട് ഒന്നിൽ മത്സരിച്ച മാർക്സിസ്ററ് സ്ഥാനാർത്ഥിക്കു വേണ്ടി" പണപ്പിരിവ് നടത്തി എന്നാണ് ജനറൽ സെക്രട്ടറി പറയുന്നതു്. ഇതു് ഒരു പി. സി. ടി. എ. അർദ്ധസത്യത്തിന്റെ രണ്ടാം പതിപ്പാണ്. എന്തുകൊണ്ടെന്നാൽ, പ്രസ്തുത ക്യാമ്പിൽ അംഗമായിരുന്ന കോഴിക്കോട്ടെ പി. സി. ടി. എ. സെക്രട്ടറി മി. ജോബ് കാട്ടൂർ മലയാളമനോരമയിൽ ഇതേസംഗതിയെപ്പററി പ്രസ്താവിച്ചിരുന്നു. എ. കെ. പി. സി. ടി. എ പ്രസിഡന്റ് ഇടതു മുന്നണി സ്ഥാനാർത്ഥിക്കുവേണ്ടി ക്യാമ്പിൽനിന്നും പണം പിരിച്ചുഎന്നാണ് അതിൽ പറഞ്ഞിരുന്നതു്. രണ്ടുപ്രസ്താവനയും തമ്മിൽ ഗണ്യമായ വ്യത്യാസമുള്ളത് ശ്രദ്ധിക്കുക.

ഇനി യഥാർത്ഥ വസ്തുതയുമായി ഇതിനുള്ള അന്തരമെന്താണെന്ന് നോക്കാം. എല്ലാവർക്കുമറിയാവുന്നപോലെ, എ. കെ. പി. സി. ടി. എ. ജനറൽസെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ് കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ പൂഞ്ഞാറിൽ ഒരു സ്ഥാനാർത്ഥിയായിരുന്നു. ജനതാപാർട്ടി ടിക്കററിലാണ് അദ്ദേഹം മത്സരിച്ചതു്. ജനതാപാർട്ടി ഇടതുപക്ഷ മുന്നണിയുടെ ഒരു ഘടകമായിരുന്നല്ലോ.

എ. കെ. പി. സി. ടി. എ. അംഗങ്ങളും ഭാരവാഹികളുമായ വളരെയധികം അദ്ധ്യാപകർ മലയാളം ക്യാമ്പിൽ ഉണ്ടായിരുന്നു. മത്സരത്തിൽ ഏർപ്പെട്ടിട്ടുള്ള ജനറൽ സെക്രട്ടറിക്കു് എന്തെങ്കിലും സഹായം നൽകുന്നതിനെപ്പററി അവർ ആലോചിച്ചു. അതിന്റെ തുടർച്ചയായി പിരിഞ്ഞുകിട്ടിയ ഒരു സംഖ്യ (കൃത്യം 265ക) പ്രസിഡണ്ട് പ്രൊഫ. ജോസഫിന് അയയ്ക്കുകയും ചെയ്തു. ക്യാമ്പിലെ ആകെ 71അംഗങ്ങളിൽ 53പേർ 5ക വീതം സംഭാവന നൽകി. ക്യാമ്പിൽ പി. സി. ടി. എ. ക്കാരും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരും ഉണ്ടായിരുന്നു. സൻമനസ്സുള്ളവർ മാത്രമാണ് സംഭാവന നൽകിയത്. ഇതിനെ ഇവർ എന്തിനാണ് ഇങ്ങനെ അസത്യത്തിന്റെ പൊടിയിട്ട് വിളക്കുന്നത്?

ഇതിന്റെ മറുവശം നോക്കുക: മുൻപറഞ്ഞ അതേ ജോബ്കാട്ടൂർ തിരെഞ്ഞടുപ്പിൽ ലോകശ്രദ്ധയിൽപ്പെട്ടത് ജനത (ജി) സ്ഥാനാർത്ഥി കെ. ഗോപാലന് (കോഴിക്കോട്–1ലെ സ്ഥാനാർത്ഥി) നേരേവന്ന അടി സ്വയം കേറിക്കൊണ്ടിട്ടാണ്. അദ്ദേഹത്തിൻ്റെ പടത്തോടപ്പം ആ സാഹസചരിത്രം പത്രങ്ങളിൽ ഉണ്ടായിരുന്നു. തിരെഞ്ഞെടുപ്പു ദിവസം ഗോപാലനുമൊത്ത് വോട്ടർമാരുടെ വീടുകയറിട്ടുണ്ടായ രാഷ്ട്രീയ സംഘട്ടനത്തിലാണ് അടിയും മററും ഉണ്ടായതത്രേ.

ശ്രീ ജോബ് ഒരു രാഷ്ട്രീയ പ്രവർത്തകനാണെന്ന് എല്ലാവർക്കുമറിയാം. പണം പിരിവും പ്രസംഗവും അത്യാവശ്യം ദേഹദണ്ഡവും അദ്ദേഹത്തിന്റെ ദിനചര്യയിൽപ്പെടുന്നുണ്ടാവണം. അതൊന്നുമില്ലാതെ ഇന്ന് ഒരു രാഷ്ട്രീയ പ്രവർത്തകനു കഴിയാമോ? അതിലൊന്നും വിശേഷമില്ല. വിശേഷമുള്ളത്, എ. കെ. പി. സി. ടി. എ. പ്രസിഡണ്ട് "ഇടതുപക്ഷ മുന്നണിസ്ഥാനാർത്ഥിയ്ക്ക് പണം പിരിച്ച" തിനെപ്പററി ജോബ് ക്ഷോഭിക്കുന്നതിലാണ്.

ജോബിന്റെ അർദ്ധസത്യത്തിന് കൂടുതൽ നിറപ്പകിട്ടേകി ജനറൽ സെക്രട്ടറി അദ്ദേഹം ചില വിശദാംശങ്ങൾ തന്റെ വകയായിചേർത്തു. "കോഴിക്കോട് ഒന്നിലെ മാർക്സിസ്ററ് സ്ഥാനാർത്ഥിക്കുവേണ്ടി" എന്നുതന്നെ ജനറൽ സെക്രട്ടറി പറയുന്നു. ഇതേ അർദ്ധസത്യത്തിന്റെ അടുത്ത പതിപ്പ് പി. സി. ടി. എ. ഇറക്കുന്ന മുഹൂർത്തം നമുക്കു കാത്തിരിക്കാം.

## ഗുരുവും ശിഷ്യനും

പറഞ്ഞ സ്ഥിതിയ്ക്ക് ബാക്കിയും പറയാമല്ലോ: പി. സി. ടി. എ. ജനറൽ സെക്രട്ടറി 1981 ലെ കോളേജധ്യാപക പണിമുടക്കിനെപ്പററിയും സർക്കുലറിൽ പറഞ്ഞിട്ടുണ്ട്. അധ്യാപക പണിമുടക്കത്തെ "പിന്നിൽ നിന്നു കുത്തി" എ. കെ. പി. സി. ടി. എ. എന്ന് ജനറൽ സെക്രട്ടറി പറയുന്നു. അത് "രാഷ്ട്രീയ ഗുരുനാഥൻമാരുടെ വാക്കുകൾ അനുസരിച്ചു കൊണ്ടാ" യിരുന്നത്രേ ! ശരിയായിരിക്കണം; രാഷ്ട്രീയ ഗുരുനാഥൻമാരുടെയോ യജമാനൻമാരുടെയോ വാക്കുകൾ കേട്ട് പണിമുടക്കിനെ പിന്നിൽ നിന്ന് കുത്തിയ ആ ചരിത്രം പ്രസിദ്ധമാണല്ലോ. പി. സി. ടി. എ. ജനറൽ സെക്രട്ടറി സ്മരിക്കുന്നത് 1971 ലെ നമ്മുടെ ഡയറക്ററ് പേ

(ശേഷം 11–ാം പേജിൽ)

# സെക്രട്ടറിയേററുപടിക്കൽ എ കെ പി സി ടി എ യുടെ കൂട്ട ധർണ്ണ



കൂട്ടധർണ്ണ സംഘടനാപ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ ഉൽഘാടനം ചെയ്യുന്നു.

ആഗസ്ററ് 12-ാം തീയതി സെക്രട്ടറിയേററുപടിക്കൽ നടന്ന ധർണ്ണ പ്രൈവററ് കോളേജധ്യാപകരുടെ അതിശക്തമായ പ്രതിഷേധത്തിൻെറ പ്രകടനമായിരുന്നു. നിത്യേന എന്നോണം അധ്യാപകരെ സ്ഥലം മാററി ദ്രോഹിയ്ക്കുന്ന കോർപ്പറേററ് മാനേജുമെൻറുകളെ നിയന്ത്രിക്കാനും, വ്യക്തമായ വ്യവസ്ഥകൾ സ്ഥലം മാററക്കാര്യത്തിലുണ്ടാക്കാനും ഉള്ള ഉത്തരവാദിത്വം സർക്കാർ നിറവേററണമെന്നാവശ്യപ്പെട്ടുകൊണ്ടു നടന്ന ധർണ്ണയിൽ മുന്നൂറിൽപ്പരം അധ്യാപകർ പങ്കെടുത്തു. രാവിലെ എട്ടരമണിയ്ക്കാരംഭിച്ച ധർണ്ണ സംഘടനാ പ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ ഉൽഘാടനം ചെയ്തു. മാനേജുമെൻറിൻെറ കടിഞ്ഞാണില്ലാത്ത പോക്കിന് അറുതിവരുത്തണമെന്നും നിയമാധിഷ്ഠിത വ്യവസ്ഥകൾ ഇക്കാര്യത്തിൽ ഉടൻ തന്നെ ഉണ്ടാക്കണമെന്നും പ്രസിഡൻറ് ആവശ്യപ്പെട്ടു.


## സ്ഥലംമാററങ്ങൾക്ക് നിയമാധിഷ്ഠിത വ്യവസ്ഥ വേണം

എം. എൽ. എ മാരായ എം. വി. രാഘവൻ, പി. ഭാസ്കരൻ, ഡോ. സുബ്ബറാവു, മമ്മുഹാജി എന്നിവർ ധർണ്ണയെ അഭിസംബോധനചെയ്തു. പ്രൊഫ ആർ. ആർ സി നായർ, പ്രൊഫ ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. വി. നാരായണൻ കുട്ടി, പ്രൊഫ, കെ. സി. ചാക്കോ, പ്രൊഫ ജോർജ് മേനാച്ചേരി, പ്രൊഫ. പി. രവീന്ദ്രനാഥ്, പ്രൊഫ. തോളൂർ ശശിധരൻ എന്നിവരും സംസാരിച്ചു. എ കെ. ജി സി. ടി. സെക്രട്ടറി പ്രൊഫ. പി കെ. മാധവൻനായർ. പി. സി ടി എ. പ്രസിഡൻറ് പ്രൊഫ. വി. എസ്. ഔസേപ്പ്, കെ പി ടി. യു. സെക്രട്ടറി അരുവിപ്പുറം പ്രഭാകരൻ, എജീസ് ഓഫീസ് എൻ. ജി. ഒ. അസോസിയേഷൻ പ്രസിഡൻറ് ശ്രീ. കുട്ടൻ തുടങ്ങിയവരും ധർണ്ണയ്ക്ക് അഭിവാദ്യമർപ്പിച്ച സംസാരിച്ചു.

നിരവധി സംഘടനകൾ ജാഥയായിവന്നെത്തി ധർണ്ണയോട് അനുഭാവം രേഖപ്പെടുത്തി. വിവിധ വിദ്യാർത്ഥിസംഘടനകൾ, യൂണിവേർസിററി എംപ്ളോയീസ് യൂണിയൻ, എൽ. ഐ. സി എംപ്ളോയീസ് യൂണിയൻ, എ കെ. ജി സി ടി, കേരള മുനിസിപ്പൽ ആൻറ് കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ തുടങ്ങിയ സംഘടനകൾ അതിലുൾപ്പെടുന്നു.

ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ് ധർണയിൽ പങ്കെടുക്കാനെത്തിയവരെ സ്വാഗതം ചെയ്തു. ധർണ്ണ വിജയിപ്പിക്കാൻ സഹായിച്ച എല്ലാവർക്കും ജില്ലാസെക്രട്ടറി പ്രൊഫ. എൽ. ജി. വർഗ്ഗീസ് കൃതജ്ഞതപറഞ്ഞു.

# പ്രൊഫ. നന്ദിയോട് രാമചന്ദ്രന് സ്വീകരണം



സ്വീകരണയോഗം. അധ്യക്ഷൻ പ്രൊഫ. തോളൂർശശിധരൻ പ്രസംഗിക്കുന്നു. പ്രൊഫ. അബ്ദുറസാക്(പ്രസിഡൻറ്, എ. കെ. ജി. സി. ടി.),പ്രൊഫ. എം ചന്ദ്രശേഖരൻ, പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ; പ്രൊഫ. ടി. വി. ജെയിംസ് എന്നിവരാണ് വേദിയിൽ.

മീററ്റ് സർവ്വകലാശാലയിൽ നിന്നും പി. എച്ച് ഡി. ബിരുദം നേടിയ നാട്ടിക കോ കോളേജ് ഹിന്ദി പ്രൊഫസർ നന്ദിയോട് രാമചന്ദ്രന് എ. കെ. പി. സി. ടി. എ. യുടെ നാട്ടിക കോളേജ് ബ്രാഞ്ച് ഹൃദ്യമായ സ്വീകരണം നല്കി. സംഘടനയുടെ കഴിഞ്ഞ വർഷത്തെ വൈസ് പ്രസിഡൻറായിരുന്നു പ്രൊഫ. നന്ദിയോട്. സ്വീകരണ യോഗത്തിൽ പ്രസിഡൻറ് പ്രൊഫ. എം ആർ. ചന്ദ്രശേഖരൻ മുഖ്യാതിഥിയായിരുന്നു വൈസ് പ്രസിഡൻറ് പ്രൊഫ. തോളൂർ ശശിധരൻ യോഗത്തിൽ ആധ്യക്ഷം വഹിച്ചു. നാട്ടിക ബ്രാഞ്ചിൻെറ വകയായുള്ള ഉപഹാരം ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. വി. ജെ. ജോസഫ നന്ദിയോടിന് നല്കി. എ. കെ. ജി. സി. ടി. പ്രസിഡൻറ് പ്രൊഫ. അബ്ദുറസാക്ക്, പ്രിൻസിപ്പൽ പ്രൊഫ. എം. ടി. ജോസഫ്, എ. കെ. പി. സി. ടി. എ. സെക്രട്ടറി പ്രൊഫ. ടി. വി. ജയിംസ് എന്നിവരും വിവിധ വിദ്യാർത്ഥിസംഘടനാ പ്രതിനിധികളും അനുമോദന പ്രസംഗങ്ങൾ നടത്തി. പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ മറുപടി പറഞ്ഞു. യോഗത്തിൽ സംഘടനയുടെ തൃശൂർ ജില്ലാപ്രസിഡൻറ് ശ്രീ എ എം. കൃഷ്ണൻ സ്വാഗതവും സെക്രട്ടറി ശ്രീ. പി പി ജോർജ് കൃതജ്ഞതയും രേഖപ്പെടുത്തി.

# THE GOVERNMENT'S EDUCATIONAL POLICY & EXPENDITURE ON EDUCATION

**VED GUPTA**

ഡൽഹി യൂണിവേർസിററി ടീച്ചേർസ് അസോസിയേഷൻ (D U T A) ഏപ്രിൽ 17, 18 തീയതികളിൽ ഡൽഹിയിൽ സംഘടിപ്പിച്ച കോളേജധ്യാപക സംഘടനകളുടെ ദേശീയ കൺവൻഷനിൽ അവതരിപ്പിച്ച പ്രബന്ധം.

At the very outset it may be pointed out that a comprehensive survey of the Education Policy of the Government covering a span of more than three decades of post–independence period is beyond the scope of this short paper. At best it is a modest attempt to examine the goals professed, accomplishments and failures of the educational system in the backdrop of economic development and social justice and establish a correlation between them and the quandum and pattern of expenditure incurred on education. As such several important issues and aspects relating to educational content and administration may not figure prominently, in spite, of the compelling need to focus attention on them.

Thirty-five years after Independence the percentage of literate population is only 34.8%, i e, out of a population of 683.8 million 238 million are literate and about 445 million[1] figure in the category of illiterates. Most of them will remain in this category for the next forty or fifty years or till they pass into oblivion. Specifically in the age-group of 15-19 the number of illiterates was 26.4 million in 1970 and it is estimated that the number would swell to 41.9 million in 2000 A D i. e. 54.8% of the total world illiterates in this age-group.[2] A meagre sum of Rs. 128 crores[3] during the Sixth Plan earmarked for the Adult Education would not alter the situation significantly.

In the Age group 6-14 enrolment of children in schools has increased from 222.75 lakhs in 1950–51 to 904.33 laks in 1979-80 (32.4% to 67.2% of the age group population): The Sixth Plan outlay on early childhood and Elementary Education is Rs, 905.65 crores and the targetted enrolment is 1084.33 laks (77% of the age-group population). This would mean an additional enrolment of 180 lakhs children in Class I-VIII. Out of this 3.4 million are to be taken care of by the Centres for Non-formal Part-time Education, a devise supposed to take care of high drop-out rates.

Several educationists have characterized the enrolment figures as highly inflated. There seems to be some truth in it Is this not true that a large number of children belonging to weaker sections of the rural and urban population living below the poverty line are unable to get themselves enrolled in schools even when facility is there? Given the actual state of

enrolment at the primary level, Plan outlay for primary Sector and socio-economic factors, the target for additional enrolment during the plan appears to be unrealistic. Even if the proposed target is realised it would mean only 77% of the children of the age-group getting enrolled. What about the drop-outs? If the high drop-out ates have something to do with the percentage of population living below the poverty line and also with the kind of schooling facility that exists in the countryside, then, it would not be wholly erroneous to suggest that fulfilment of the Directive principle under Article 45 of the Constitution seeking to provide free and compulsory education for all children upto the age of 14 and to ensure that every child who is enrolled in school successfully completes the course is not possible even in 2000AD.

The Sixth plan outlay on Secondary Education is Rs. 393 91 crore. Looking back, it was at the end of the Third Five Year Plan that the Education Commission was appointed to advise the Government on "the national pattern of education and on the general principles and policies for the development of education at all stages and in all aspects." The Report of the Commission emphasized the importance of secondary level of education and recommended its extension to areas and classes which have been denied this in the past. At the same time, it suggested introduction of technical and vocational education at this stage and the consequent change in the educational structure, i.e., the 10 +2 +3 pattern It was a clever attempt to add one more year to school education. It pushed the cost of education upwards for students and delayed their entry into the universities by at least one year. But what is more important is to understand that the two public exams envisaged in the new pattern instead of one acted as an effective filter and prevented a large number from seeking admissions into the institutions of higher education colleges/universities.

This signalled the beginning of the 'selective approach' and pronounced the end of 'comprehensive approach'. This implied regulated entry to the colleges/universities which was accomplished partly by over-burdening of the students through revision of the syllabi without creating the necessary teaching facilities and arrangements for vocational education at the school level and partly by restricting the opening of new colleges/universities.

In reality, the mid-sixties witnessed a stagnant economy alongwith increasing educated unemployment and inflation. With this the planned economic development entered into a state of suspended animation but also students unrest became widespread and mass struggles of various sections for alleviating the economic hardships followed. It is in this background that the Education Commission (1964-66) Suggested an easy way out 'higher education for a 'picked few.'

This undemocratic approach was pushed aggressively under the cover of 'vocationalisation', 'relevance of education', 'modernization of curriculum', raising of academic standards' etc. etc. The wrapper was quite attractive and the accompanying fanfare and publicity was tremendous. Sooner than expected, the Plan outlay on education was slashed down, vocationalization turned out to be a big hoax in the face of lack of facilities. It is a matter of common knowledge that it costs much less to give general education to a child and comparatively speaking it costs much more to provide vocational

(...Contdpage 15)

(7–ാം പേജിൻെറ തുടർച്ച)

മെൻറ് സമരത്തെക്കുറിച്ചാവില്ലേ ? സമര മധ്യത്തിൽ വച്ച്, താന്തോന്നിത്തമായി പണിമുടക്കു സമരം പിൻവലിച്ച് റബ്ബർ ബോർഡിൽ പോയ ആശാൻ ആരായിരുന്നു ? അന്നു റബ്ബർ ബോർഡിൽ പോയ ആശാൻെറ ഉത്തമശിഷ്യനായി സമരം തുടരുന്നതിനെതിരായി പടയ്ക്കിറങ്ങിയവരിൽ പ്രമുഖനല്ലോ, ഇന്ന് പി. സി. ടി. ഏ. പ്രസിഡണ്ടായിരിക്കുന്ന മാന്യദേഹം. തന്നെയോ ? 1971 ൻെറ പുറകെ, 1972 ലെ ''വിദ്യാഭ്യാസ വിപ്ളവ'' ത്തിനിടയ്ക്ക് കോളേജുകൾ പൂട്ടിയിട്ട് ഗവർമെണ്ടിനെതിരായ പടയ്ക്കിറങ്ങിയ പ്രൈവററ് കോളേജ് മാനേജുമെൻറുകളുടെ കുഴൽ വിളിക്കാരനും ചാവേറുമായി തെക്കു വടക്കു പാഞ്ഞുനടന്ന മഹാശയനും അദ്ദേഹമല്ലാതാരാണ് ? അതുകൊണ്ട് അന്ന് ഏ. കെ. പി. സി. ടി. ഏ. യിൽ നിന്ന ബഹിഷ്കൃതനായ ഈ മാന്യൻ പിന്നീട് അധ്യാപക സംഘടനാരംഗത്ത് തലകാണിച്ചത്, 1975-ൽ, ഏ. കെ. പി. സി. ടി. ഏ. ഭിന്നിപ്പിക്കാനുള്ള ഉപജാപങ്ങളുടെ സൂത്രധാരനായിട്ടാണ്.

## ഇത്തിക്കണ്ണി

രാഷ്ട്രീയ ഗുരുനാഥൻമാരുടെ വാക്കു കേട്ട് അധ്യാപക സമരത്തെ പിന്നിൽ നിന്നു കുത്തിയെന്നൊക്കെ പി. സി. ടി. ഏ ജനറൽ സെക്രട്ടറി പറയുമ്പോൾ, 1981 സമരത്തിൽ തൻെറ സംഘടനയും പങ്കാളിയായിരുന്നതിനെപ്പററി മറന്നിരുന്നിരിക്കാം. എന്തുകൊണ്ടെന്നാൽ സംഘടനകെട്ടിപ്പടുക്കുക; പ്രക്ഷോഭണവും സമരവും നടത്തുക എന്നിവ തങ്ങളുടെ ജോലിയല്ലല്ലോ. ആരെങ്കിലുമൊക്കെ കഷ്ടപ്പെട്ട് ഒരു സംഘടന ഉണ്ടാക്കിയാൽ, അതിൽ തൊഴുത്തിൽ കുത്തുണ്ടാക്കി ഒരു കഷ്ണം അടർത്തിയെടുത്ത് അതുമായി നടക്കന്നകരിങ്കാലിപ്പാരമ്പര്യത്തിൽത്തന്നെയാണല്ലോ പി. സി. ടി. ഏ. യുടെയും പിറവി. ആദ്യം മരമുണ്ടാകുന്നു. മരം തഴച്ചു വളർന്നു വരുമ്പോൾ, ഇത്തിക്കണ്ണി അതിൻമേൽ പററിക്കൂടുന്നു. മരത്തിൻെറ ജീവരസം കൊണ്ട് ഇത്തിക്കണ്ണി കൊഴുക്കുന്നു. ഇതാണ് കരിങ്കാലി പ്രസ്ഥാനത്തിൻെറ സമ്പ്രദായം. പി. സി. ടി. ഏ. യുടേതുമതേ.

എങ്കിലും ചോദിക്കട്ടെ: 1981-ലെ അധ്യാപക സമരം പിൻവലിക്കുമ്പോൾ പി. സി. ടി. ഏ. എവിടെയായിരുന്നു ? പി. സി. ടി. ഏ. സമരം പിൻവലിച്ചുവോ ? ഉവ്വെങ്കിൽ, ആരുപറഞ്ഞിട്ടാണ് പിൻവലിച്ചത് ? സമരത്തിൻെറ നീണ്ടൊരു ഘട്ടത്തോളം ഒഴിഞ്ഞുമാറി നിന്നശേഷം, അങ്ങനെ തങ്ങൾ നിന്നിട്ടു വിശേഷമൊന്നുമില്ലെന്ന് കണ്ട്, സമരത്തിൽ ചേർന്നെന്നുവരുത്തി 'തരികിട' കളിച്ച പി. സി. ടി. ഏ. ക്ക്, ഏ. കെ. പി. സി. ടി. ഏ. സമരം പിൻവലച്ചതു തെററെന്നു ബോദ്ധ്യമുണ്ടായിരുന്നുവെങ്കിൽ, സമരത്തിൻെറ പന്തവുമായി മുന്നേറാമായിരുന്നല്ലോ. അതെന്തുകൊണ്ടാണവർ ചെയ്യാഞ്ഞത്? ആരാണ് അതിനെതിരായി തിരിച്ചുവിട്ടത്? ആ രാഷ്ട്രീയ ഗുരുനാഥന്മാരാരോ? തങ്ങളും അവരും ഒരേകാര്യം ചെയ്തിട്ട് (സമരം പിൻവലിക്കൽ) അതു ചെയ്ത തങ്ങൾ ശരിയെന്നും അവർ തെററെന്നും പറയുന്നത് എന്തൊരുയുക്തിയാണ്?

## ആത്മവഞ്ചനയുടെ ആലാപം.

മറെറാന്നുമല്ലിത്: ഒരു വക കള്ള നാട്യം മാത്രം. പി. സി. ടി. ഏ തങ്ങൾക്ക് രാഷ്ട്രീയ മൊന്നുമില്ലെന്നു തെളിയിക്കുക യാത്രചെയ്യുന്നത് രാഷ്ട്രീയമല്ലെന്ന് തെളിയിക്കുവാൻ മററുള്ളവരെ രാഷ്ട്രീയത്തിൻെറ പേരിൽ കുററപ്പെടുത്തുന്നു. പി. സി. ടി. എ. രാഷ്ട്രീയ ഉപജാപത്തിൽ ജനിച്ച്, അതിൽ തഴച്ച്, അതു നിലനില്പിൻെറ ഏകാവലംബമാക്കിത്തുടരുന്ന ഇത്തിക്കണ്ണിസംസ്കാരത്തിൽ നിന്ന് ആത്മവഞ്ചനയുടെ ആലാപങ്ങൾ ഉയരുന്നതിൽ എന്തുണ്ട് അത്ഭുതപ്പെടാൻ?

—കോഴിക്കോട്ടെ ഒരു ക്യാമ്പുകാരൻ.

## നായരുടെ താല്പര്യം

ചങ്ങനശ്ശേരി ആഗസ്ററ്, 13.

കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള കോളേജുകളിൽ ജോലിചെയ്യുന്ന അധ്യാപകരുടെ സ്ഥലം മാററത്തിന് നിയമാടിസ്ഥാനമുള്ള വ്യവസ്ഥകൾ ഉണ്ടാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളതിനെതിരായി ചില എൻ. എസ്സ്. എസ്സ്. വക്താക്കൾ, അത് നായർ സർവ്വീസ് സൊസൈററിക്കും നായർ സമുദായത്തിനും ദോഷകരമായ ഒരു സംരംഭമാണെന്ന് മുറവിളികൂട്ടാൻ തുടങ്ങിയിരിക്കുന്നു. നായരുടെ സ്ഥാപനങ്ങളെ തകർക്കാനാണിത് എന്നാണ് അവർപറയുന്നത്. ക്രിസ്ത്യാനിയുടെയോ മുഹമ്മദീയരുടെയോ സ്ഥാപനങ്ങളിൽ ഇമ്മാതിരി ആവശ്യം ഉയരുന്നില്ലെന്നും, അങ്ങനെ ഒരാവശ്യം ഉയർത്താൻ അധ്യാപകർ ധൈര്യപ്പെടുകയില്ലെന്നും കൂടി നായർ താല്പര്യത്തിൻെറ അപ്പോസ്തലൻമാരായി നടിക്കുന്ന ഈവക വക്താക്കൾ പ്രസ്താവിക്കുന്നുണ്ട്.

ഇതു കേട്ടപ്പോൾ കുറച്ചുകാലംമുമ്പ്, പ്രതാപിയായ ശ്രീ. ആർ. ശങ്കർ എസ്സ്. എൻ. ട്രസ്ററിൻെറ നാമധേയത്തിൽ പറയുകയും ട്രസ്ററ് വാർഷികറിപ്പോർട്ടിൽ എഴുതിപ്പിടിപ്പിക്കുകയും ചെയ്ത ചില കാര്യങ്ങൾ ഓർമ്മവന്നു. ഈഴവൻകോളേജ് വെയ്ക്കുകയും, ഈഴവക്കുട്ടികൾ പഠിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ, നായരു, ക്രി

(ശേഷം 23–ാംപേജിൽ)

## എറണാകുളം

ജില്ലാകൗൺസിൽ യോഗം ആഗസ്ററ് 1ന് ആലുവ അരോമ ടൂറിസ്ററ് ഹോമിൽ ചേർന്നു. പ്രസിഡൻറ് പ്രൊഫ. പി. ജെ. മാത്യു അധ്യക്ഷത വഹിച്ചു. കോളേജിയേററ് ഡയറക്ടറുമായി നടന്ന ചർച്ചയുടെ വിവരങ്ങൾ സെക്രട്ടറി ശ്രീ. കെ. കെ. രാമകൃഷ്ണൻ വിശദീകരിച്ചു.

മൻപതുകൊല്ലം സർവ്വീസ് തികയുന്ന അധ്യാപകക്ക് രണ്ടാംഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കണമെന്നും കോളേജ ധ്യാപകരുടെ കേന്ദ്ര–സ്റേററ് ഗവൺമെൻറുകളിലെ അധ്യാപകേതര സർവ്വീസ് പെൻഷന് പരിഗണിക്കണമെന്നും ആവശ്യപ്പെടുന്ന പ്രമേയങ്ങൾ യോഗം പാസ്സാക്കി.

സംഘടനയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും, പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും യോഗം തീരുമാനിച്ചു. വെൽഫയർട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കാനും യോഗം തീരുമാനമെടുത്തു.

### വി. ആർ. എസ്. ദിനം

മാല്യങ്കര എസ്. എൻ. എം. കോളേജിലെ എ. കെ. പി. സി. ടി. എ. അംഗങ്ങളുടെയോഗം ആഗസ്ററ് 7–ാം തീയതി വി. ആർ. എസ്. ദിനം ആചരിച്ചു. പ്രൊഫ. വി. ആർ. എസ്സിൻെറ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് കെ. രാമകൃഷ്ണൻ പോററി, കെ. കെ. രാമകൃഷ്ണൻ, കെ. കെ. രഘു എന്നിവർ സംസാരിച്ചു.

## ആലപ്പുഴ

ജൂലൈ 18–ാം തീയതി ജില്ലാകൗൺസിൽ യോഗം ആലപ്പുഴ നരസിംഹപുരം ലോഡ്ജിൽ പ്രസിഡൻറ് പ്രൊഫ. കെ. രാമചന്ദ്രൻെറ അധ്യക്ഷതയിൽ കൂടി. പ്രവർത്തക സമിതി ചർച്ചകളും തീരുമാനങ്ങളും സെക്രട്ടറി പ്രൊഫ. സദാശിവൻനായർ വിവരിച്ചു.

എൻ. എസ്. എസ്. മാനേജ്മെൻറ് യാതൊരു തത്വദീക്ഷയുമില്ലാതെ നടത്തിയ സ്ഥലംമാററങ്ങൾ യോഗം വിലയിരുത്തുകയും ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. വ്യക്തമായ മാനദണ്ഡങ്ങൾ ഇക്കാര്യത്തിലുണ്ടാക്കണമെന്ന് യോഗം മാനേജ്മെൻറിനോട് അഭ്യർത്ഥിച്ചു. സർക്കാരുമായി ജൂലൈ 14 ന് നടന്ന ചർച്ചയുടെ വിവരം പ്രൊഫ. ടി. ഗോപാലകൃഷ്ണൻ യോഗത്തിൽ വിവരിച്ചു.

### മെമ്പർഷിപ്പ്

ജില്ലയിൽ ഭൂരിപക്ഷം കോളേജുകളിലും ഈവർഷം മെമ്പർഷിപ്പ് വർദ്ധിക്കുമെന്ന് ബ്രാഞ്ചുസെക്രട്ടറിമാർ റിപ്പോർട്ടു ചെയ്തു 100 അംഗങ്ങളെയെങ്കിലും പുതുതായിചേർക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

### വെൽഫയർട്രസ്ററ്

ട്രസ്ററിൽ ജില്ലയിൽനിന്നും പുതുതായി 100 അംഗങ്ങളെ ചേർക്കുന്നതാണ്. കോർപ്പറേററ് മാനേജുമെൻറിലെ മൊത്തത്തിലുള്ള ഒരു ലിസ്ററ് തയ്യാറാക്കണമെന്ന് വർക്കിംഗ് കമ്മിററിയോട് യോഗം അഭ്യർത്ഥിച്ചു.

ജില്ലാ

### ജേർണൽ

75 അംഗങ്ങളെ ജേർണൽ വരിക്കാരായി ജില്ലയിൽ നിന്നും പുതുതായിചേർക്കണമെന്ന് യോഗം തീരുമാനിച്ചു.

തുരുത്തിക്കാട് ബി. എ. എം. കോളേജിലെ പ്രശ്നത്തിന് എത്രയും പെട്ടെന്നു തീരുമാനമെടുക്കണമെന്ന് പ്രവർത്തകസമിതിയോട് യോഗം അഭ്യർത്ഥിച്ചു കൂടാതെ സംഘടനാ പ്രസിഡൻറ്, ജില്ലാസെക്രട്ടറി, സിൻഡിക്കേററംഗം പ്രൊഫ. ടി. ഗോപാലകൃഷ്ണൻ

എന്നിവർ കോളേജ് സന്ദർശിക്കണമെന്നും തീരുമാനിച്ചു.

## പ്രമേയങ്ങൾ

1. പരീക്ഷാസംബന്ധമായ ജോലികൾക്ക് മററു കോളേജുകളിൽ നിയുക്തരാകുന്ന അധ്യാപകർക്ക് പ്രസ്തുത കോളേജുകളിൽ നിന്നും 'ഡ്യൂട്ടിസർട്ടിഫിക്കററ്' വാങ്ങിക്കൊടുത്തെങ്കിൽ മാത്രമേ ശമ്പളം നല്കുകയുള്ളൂ എന്ന കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൻെറ നിലപാടിൽ യോഗം പ്രതിഷേധിയ്ക്കുന്നു.

2. അധ്യാപകരുടെ ശമ്പളബില്ലുകൾ ട്രഷററിഓഫീസറൻമാർ തടസ്സവാദമുന്നയിക്കാത്ത രീതിയിൽ പാസ്സാക്കണമെന്ന് കൊല്ലം ഡെപ്യൂട്ടിഡയറക്ടറോട് അഭ്യർത്ഥിയ്ക്കുന്നു.

3. പരീക്ഷാ ജോലികൾ ചെയ്തു തീർന്ന് മാസങ്ങൾ കഴിഞ്ഞിട്ടും പ്രതിഫലം നല്കാത്തതിൽ പ്രതിഷേധിയ്ക്കുകയും അധ്യാപകർക്ക് കഴിയുന്നതും വേഗം പ്രതിഫലം കിട്ടുവാൻ വേണ്ടനടപടികൾ സ്വീകരിക്കണമെന്ന് കേരള യൂണിവേഴ്സിററിയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

തകൾ

4. കേന്ദ്രീകൃത വാലേ്യഷനും പ്രാക്ടിക്കൽ പരീക്ഷകൾക്കും ഒരേ നിരക്കിൽ ടി. എ.– ഡി. എ. നല്കണമെന്നും അത് സർവ്വകലാശാലാസമിതി അംഗങ്ങൾക്ക് നല്കുന്ന നിരക്കിൽ വർദ്ധിപ്പിക്കണമെന്നും കേരള യൂണിവേഴ്സിററിയോട് അഭ്യർത്ഥിക്കുന്നു.

# തൃശൂർ

## സംഘടനയ്ക്ക് വിജയം

തൃശൂർ സെൻറ്തോമസ് കോളേജ് സ്റ്റാഫ് കൗൺസിലിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി.സി.ടി. എ. സ്ഥാനാർത്ഥികൾ വൻഭൂരിപക്ഷത്തോടെ വിജയിച്ചു. ജില്ലാ സെക്രട്ടറി ശ്രീ പി. പി ജോർജ് ബ്രാഞ്ചുപ്രസിഡൻറ് എം. ദിവാകരൻനായർ എന്നിവരായിരുന്നു സംഘടനയുടെ സ്ഥാനാർത്ഥികൾ.

# മലപ്പുറം

## വി. ആർ. എസ്. ദിനാചരണം.

ജില്ലയിലെ എല്ലാ കോളേജുകളിലും ആഗസ്ററ് 7 വി ആർ എസ്. ദിനമായി ആചരിച്ചു തിരൂരങ്ങാടി പി. എസ്. എം. ഒ. കോളേജിൽ നടന്ന യോഗത്തിൽ ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. പി അബ്ദുൾ ലത്തീഫ് അധ്യക്ഷതവഹിച്ചു. സംഘടനയുടെ പുരോഗതിയ്ക്കുവേണ്ടി സ്വയം സമർപ്പിച്ചു പ്രവർത്തിക്കാൻ ഓരോ അംഗവും ഈ സന്ദർഭത്തിൽ പ്രതിജ്ഞ എടുക്കണമെന്ന് ബ്രാഞ്ച് സെക്രട്ടറി കെ. കെ. മഹമൂദ് അഭിപ്രായപ്പെട്ടു. ജില്ലാസെക്രട്ടറി എം. സി. അലി, പി. അബ്ദുൾ അസീസ്, പി വി. അബ്ദുള്ള, ബഷീർ മാണിയംകുളം എന്നിവരും യോഗത്തിൽ സംസാരിച്ചു. പ്രൊഫർ വി. ആർ എസിൻെറ സ്മരണ ശാശ്വതമായി നിലനിർത്തുന്നതരത്തിലുള്ള ഒരു സ്മാരകം ഉണ്ടായിരിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. യോഗത്തിൽ പി. വി. ഹമീദ് സ്വാഗതവും എൻ. ദാമോദരൻ നന്ദിയും പറഞ്ഞു.

# കോഴിക്കോട്

## സസ്പെൻഷൻ പിൻ വലിക്കുക

മലബാർ ക്രിസ്ത്യൻ കോളേജിലെ പ്രൊഫസറായ ലാൻലററ് തോമസിനെ സസ്പെൻറു ചെയ്ത നടപടി എത്രയും പെട്ടെന്നു പിൻവലിക്കണമെന്ന് എ.കെ.പി.സി.ടി.എ. കോഴിക്കോട് ജില്ലാകൗൺസിൽ മാനേജുമെൻറിനോട് ആവശ്യപ്പെട്ടു. വൈരനിര്യാതന ബുദ്ധിയോടെ മാനേജുമെൻറു നടത്തിയ ഈ സസ്പെൻഷനെ ജൂലൈ 18 ന് കൂടിയ ജില്ലാകൗൺസിൽ യോഗം ശക്തിയായി അപലപിക്കുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത എ.കെ പി.സി. ടി.എ. പ്രസിഡൻറ് പ്രൊഫ എം. ആർ. ചന്ദ്രശേഖരൻ, മാനേജുമെൻറിൻെറ ഈ നീക്കം വളരെ സങ്കുചിതമാണെന്നഭി

(ശേഷം 23–ാം പേജിൽ)

## കോളേജിയേററ് ഡയറക്ടറുമായി ചർച്ച

# പ്രശ്നങ്ങൾ പരിഹരിക്കും

കോളേജിയേററ് ഡപ്പ്യൂട്ടി ഡയറക്ടർ ആപ്പീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും, സ്വകാര്യ കോളേജ് അധ്യാപകരുടെ ശമ്പളം, ക്ഷാമബത്ത, ശമ്പളക്കുടിശിക, പി എഫ് വായ്പകൾ എന്നിവ തക്കസമയത്ത് നൽകാനും ഉടൻ നടപടിയെടുക്കുമെന്ന് കോളേജിയററ് ഡയറക്ടർ ലിസിജേക്കബ് സ്വകാര്യ കോളേജ് അധ്യാപക പ്രതിനിധികൾക്കു് ഉറപ്പുനൽകി.

കേരളത്തിൽ മൂന്നു് ഡപ്യൂട്ടി ഡയറക്ടർ അപ്പീസുകളാണുള്ളതു്–കൊല്ലത്തും തൃപ്പൂണിത്തുറയിലും, കോഴിക്കോട്ടും. കോളേജിയേററ് ഡയറക്ടർ ആപ്പീസിൽ കൂടിയ യോഗത്തിൽ മൂന്നു് ഡപ്യൂട്ടി ഡയറക്ടർമാരും അഡീഷണൽ കോളേജിയേററ് ഡയറക്ടർ ഡോക്ടർ സി കെ രേവമ്മയും ഉദ്യോഗസ്ഥപ്രമുഖന്മാരും പങ്കെടുത്തു.

ശമ്പളബില്ലുകൾ ഡപ്യൂട്ടി ഡയറക്ടർ ആപ്പീസിൽ കിട്ടിയശേഷം അഞ്ചുദിവസത്തിനുള്ളിലും, സപ്ലിമെൻററി ബില്ലുകൾ 15ദിവസത്തിനുള്ളിലും കുടിശിക ബില്ലുകൾ ഒരു മാസത്തിനുള്ളിലും, പാസ്സാക്കുന്നതാണ്. വളരെ പഴയ കുടിശികകളുടെ കാര്യത്തിൽപോലും മൂന്നു മാസത്തിൽ കവിഞ്ഞ താമസമുണ്ടാവില്ല. ഈ വക സംഗതികളെ കുറിച്ചെല്ലാം 1981 ഡിസംബറിൽ നടന്ന കോൺഫ്രൻസിൽ ചർച്ച ചെയ്തതാണ്. അന്നത്തെ തീരുമാനങ്ങളിൽ അവശേഷിക്കുന്നവകൂടി തീർത്തും നടപ്പിലാക്കുന്നതാണെന്ന് കോളേജിയററു് ഡയറക്ടർ പ്രസ്താവിച്ചു.

പി എഫ് വായ്പ അനുവദിക്കുന്നതിലെ കാലതാമസം അവസാനിപ്പിക്കുന്നതാണ്.

എഫ് ഐ പി പദ്ധതിയിൽ ഗവേഷണം നടത്തുന്നവർക്കു് കാലവിളംബമില്ലാതെ ശമ്പളം കിട്ടാൻ വേണ്ടനടപടി കൈക്കൊള്ളും.

പുതുതായി നിയമനം കിട്ടുന്ന കോളേജ് അധ്യാപകർക്ക് എത്രയും വേഗം ശമ്പളം നൽകുന്നതിനെപ്പററി യോഗം ചർച്ചചെയ്തു. സ്ഥലംമാററം മൂലം അന്യ യൂണിവേഴ്സിററി മേഖലയിലെ കോളേജുകളിൽ ചെന്നുപെടുന്നവർക്ക് ശമ്പളം തുടർച്ചയായി കിട്ടാൻ നടപടികൾ എടുക്കുന്നതാണ്.

വിവിധ ഡെപ്യൂട്ടി ഡയറക്ടർ ആപ്പീസുകളിൽ അപ്രൂവൽ, വെക്കേഷൻ ശമ്പളം തുടങ്ങിയ കാര്യങ്ങളിൽ വ്യത്യസ്തമായ തീരുമാനങ്ങൾ എടുക്കുന്ന ഇന്നത്തെ നില മാററും. മൂന്ന് ആപ്പീസുകൾക്കും പൊതുനയവും നടപടിക്രമങ്ങളുമാണ് ഉണ്ടായിരിക്കുക യൂണിവേഴ്സിററി നൽകിയ നിയമനത്തിന്റെ അപ്രൂവൽ കോളേജിയേററ് വകുപ്പ് പുനഃപരിശോധിക്കുന്ന ഇന്നത്തെ പതിവും നിറുത്തുന്നതാണ്.

കോൺഫറൻസിൽ എ കെ പി സി ടി എ പ്രതിനിധികളായി എം ആർ ചന്ദ്രശേഖരൻ (പ്രസിഡണ്ട്), എൻ എം ജോസഫ് (ജനറൽ സെക്രട്ടറി), ടി ഗോപാലകൃഷ്ണൻ (സിണ്ടിക്കേററ് മെമ്പർ), ജെ ജോൺസൻ (ലൈസൺ ആപ്പീസർ, കൊല്ലം) കെ കെ രാമകൃഷ്ണൻ (ലെയ്സൻ ആപ്പീസർ, തൃപ്പൂണിത്തുറ) എന്നിവർപങ്കെടുത്തു.

---

(21-ാം പേജിന്റെ തുടർച്ച)

ർത്ഥിക്കുകയും ചെയ്തു ഇക്കാര്യത്തിൽ മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി എന്നിവരെ കണ്ട് നിവേദനം നടത്തണമെന്ന് എ കെ പി. സി ടി എ. പ്രസിഡൻറ് ജനറൽ സെക്രട്ടറി എന്നിവരോട് യോഗം അഭ്യർത്ഥിച്ചു.

## ഭാരവാഹികൾ

ട്രഷറർ അവതരിപ്പിച്ച വരവു ചെലവു കണക്കുകൾ യോഗം ചർച്ചചെയ്തു പാസ്സാക്കി. കോ–ഓർഡിനേഷൻ കൗൺസിലിന്റെ പുതിയ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു

പ്രസിഡൻറ്: പ്രൊഫ ആർ രവീന്ദ്രൻ നായർ (പി. ആർ. എൻ. എസ്. എസ്. കോളേജ്, മട്ടന്നൂർ)

വൈസ്പ്രസിഡൻറ്: പ്രൊഫ. കെ. ജി. രാമൻപിള്ള (എം ജി. കോളേജ്, തിരുവനന്തപുരം)

സെക്രട്ടറി: ഡോ. പി. എസ്. പണിക്കർ (എൻ. എസ്. എസ്. കോളേജ്. പന്തളം)

ജോയിൻറ് സെക്രട്ടറിമാർ: പ്രൊഫ കെ. പി ദിവാകരൻനായർ (എൻ. എസ്. എസ്. കോളേജ്, ചേർത്തല)

പ്രൊഫ. ടി. എൻ രാമൻപിള്ള (പി. ആർ. എൻ. എസ്. എസ്. കോളേജ് മട്ടന്നൂർ)

ട്രഷറർ: പ്രൊഫ. കെ. വിജയശങ്കർ (എൻ. എസ്. എസ്. കോളേജ്, നെൻമാറ)

(...from page 10)
education. Those who did not find it possible to create adequate facilities for general education even, talked of vocational education. 'Relevance' and 'Modernization' befogged the shift from classical British model of education to new American model in terms of content, administration examination and value pattern.

The bogey of falling academic standards was used in more than one way:

1. to put forward a false poser: quantity vs quality;
2. to put blame on to teachers and impose research qualifications for teaching undergraduate classes and again without creating adequate research facilities;
3. to bring once again from the backdoor 'autonomous colleges' meant for the elite; and
4. to promote Centres of Advanced Studies Institutions/Departments for privileged few in the name of giving fillip to Research. On the whole one can say that the hidden elite bias of the educational Policy came out into the open and got reflected in the pattern of financial allocations subsequently.

Accordingly the rate of growth of universities, Institutions deemed to be Universities and colleges as well as the enrolment of students registered a decline during 1971-81 as compared to the rate of growth during 1961–71. In 1980-81, in 112 universities, 11 institutions deemed to be universities and 4722 colleges, there were 27.5 million[4] studentsenrolled. While the number of autonomous colleges is increasing every year, a large number of colleges more than 2000 are being labelled as 'unviable colleges'. While the proportion of professors and Readers to Lecturers has gone up from 27.3% in 1976–77 to 30.1% in 1980-81, large number of lecturers are facing stagnation, increased work-load, lack of security of service, inadequate library, medical and housing facilities

The Sixth Plan envisages a sum of Rs. 485.75 crores for University and Higher Education. 1981-82 Budget of the Central Government shows an estimated expenditure of Rs. 121.47 crores. (Plan and Non-plan expenditure). Due to inflationary pressures, just as the cost of living has gone up making it difficult for the teachers to make both ends meet, similarly the cost of academic facilities has increased manifold. Still the library grant remains at Rs. 15 per student per annum. Incidentally, as far back as 1948-49 the Report of the University Education Commission suggested that Rs. 40 per student must be spent on libraries, if teaching is to become effective.

Any problem which requires some expenditure can jolly well continue to remain as an unresolved problem and the university community-teachers, students and karamcharis must learn to accept it as such Why so? No funds. Funds are to be allocated on priority basis to the Primary education. Nobody denies the importance of Primary Education. But does that mean that the Primary Education has to be at the cost of the Higher Education which has lost its market value as the number of educated unemployed on the Live Register has crossed 10 million mark. Large number of educated, semi-educated and skilled people are seeking jobs abroad.

# സ്ഥലം മാററ പ്രശ്നം

## ആഗസ്ററ് 12 ന് സംഘടന ഗവൺമെൻറിനു നല്കിയ നിവേദനം

1982 ആഗസ്ററ് 12 - ന് നിയമസഭ മുൻപാകെ നടത്തിയ കൂട്ടധർണ്ണയുടെ പശ്ചാത്തലത്തിൽ, അഖില കേരള സ്വകാര്യ കോളേജദ്ധ്യാപക സംഘടന (എ. കെ. പി. സി. ടി. എ ) ബഹുമാനപ്പെട്ട കേരള ഗവൺമെൻറിനു സമർപ്പിക്കുന്ന നിവേദന പത്രിക.

കോർപ്പറേററ് മാനേജ്മെൻറുകളുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥലം മാററത്തിന് ഇന്നു നിയമാടിസ്ഥാനമുള്ള വ്യവസ്ഥകൾ ഇല്ല. ഈ വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പതിയണമെന്ന ഉദ്ദേശ്യത്തോടെയാണ് എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ, നിയമസഭ മുൻപാകെ ഇന്നു ഞങ്ങൾ കൂട്ടധർണ നടത്തിയിട്ടുള്ളത്. ഈ പ്രശ്നത്തിൻെറ മുഖ്യവശ്യങ്ങൾ താഴെ ചേർക്കുന്നു. പ്രൈവററ്

---

There is no dearth of those who decry the Brain Drain. But then precious little is done to correct the basic maladies of a socio-economic system which cannot even absorb highly educated people.

Instead of creating job opportunities and expanding educational facilities, a must for economic development and social justice, one hears a good deal about utilization of the existing academic facilities, curtailment of educational opportunities and that 'education should broadly be related to the pattern of jobs.' Given the inadequate academic facilities and bleak prospects of employment it is not surprising that there is students unrest. Further, as the burden of economic crisis, is passed on to the masses, the university community is also feeling the pinch. The growing democratic struggles for economic, academic and democratic rights haunt the authorities. Thus draconian legislation, bureaucratic Vice-Chancellors, undemocratic and unresponsive educational administration with greater role for private managements or licence to play havoc with the academic life and deliberate fostering of divisive forces communal, casteist, regional feelings and perpetuation of obscurantist values. This further strengthens the undemocratic and unscientific character of our educational system at all stages and levels.

The appropriate national educational policy in contra-distinction warrants inculcation of scientific outlook, secular and democratic approach educational opportunities for all, conducive academic atmosphere for acquiring storing, disseminating knowledge i e., academic freedom and university autonomy. At the same time it must ensure proper service conditions for teachers–grade, promotional avenues, security of service, participation in decision making, adequate material amenities and academic facilities. Such a policy necessarily implies much higer financial outlay (10% of plan and Non-plan expenditure) and as such it is not going to come as a gift. We shall have to struggle for it.

---


1. 1981 Population Census: Provisional Figures
2. UNESCO: Estimates and projections of illiteracy
3. Report 1981-82, Ministry of Education, Government of India
4. University Grants Commission Report, 1980 81

കോളേജ് മാനേജുമെൻറുകളുടെ ട്രാൻസ്ഫറധികാരം നിയന്ത്രിക്കാനുള്ള ചില വ്യവസ്ഥകളും താഴെ ചേർത്തിട്ടുണ്ട്.

1. കേരള സ്റേററിൻെറ പല ഭാഗത്തായി അനേകം കോളേജുകൾ നടത്തുന്ന മാനേജുമെൻറുകളെയാണ് കോർപ്പറേററ് മാനേജ്മെൻറുകൾ എന്നുപറയുന്നത്. നായർ സർവ്വീസ് സൊസൈററി, ശ്രീനാരായണ ട്രസ്ററ് എന്നീ രണ്ടെണ്ണമാണ് കേരളത്തിലെ പ്രമുഖ കോർപ്പറേററ് മാനേജ്മെൻറുകൾ. തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാറിലെ മുസ്ലീം എഡ്യൂക്കേഷണൽ സൊസൈററി, തൃശ്ശൂരിലെ സി. എം. സി. എന്നിവയും കോർപ്പറേററ് വിഭാഗത്തിൽപ്പെട്ട മാനേജുമെൻറുകളാകുന്നു. 4000–ൽ പരം അദ്ധ്യാപകർ ഈ കോർപ്പറേററ് മാനേജുമെൻറുകൾ നടത്തുന്ന കോളേജുകളിൽ ജോലി ചെയ്യുന്നു.

2. വലിയ തോതിൽ ആളുകളെ ജോലിക്ക് നിയമിക്കുന്ന ഏത് സ്ഥാപനവും ആ ആളുകളുടെ ക്ഷേമത്തിനുവേണ്ടി ചില നിയന്ത്രണങ്ങൾക്ക് സ്വയം കീഴ്പ്പെടേണ്ടതായിട്ടുണ്ട്. കോർപ്പറേററ് മാനേജുമെൻറുകളുടെ ട്രാൻസ്ഫർ അധികാരവും ചില നിയന്ത്രണങ്ങൾക്ക് കീഴ്പ്പെടണമെന്നാണ് ഞങ്ങളുടെ ആവശ്യം. താരതമ്യേന പുത്തനായ ഒന്നാണ് ഈ ആവശ്യം. കോർപ്പറേററ് മാനേജുമെൻറ് ട്രാൻസ്ഫറിനെ വലിയ ഒരു ദണ്ഡനമുറയാക്കുന്നത് ഈ അടുത്തകാലത്താണ്.

3. കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ എൻ. എസ്. എസ്. കോളേജ് മാനേജുമെൻറ് അദ്ധ്യാപകരെ സ്ഥലം മാററിക്കൊണ്ട് ഇരുപത് നീണ്ട പട്ടിക തയ്യാറാക്കി. ഇത് ഒരു 'റെക്കാർഡാണ്'. ട്രാൻസ്ഫർ ഗവൺമെൻറിലും ഉള്ള ഒന്നാണ്. ട്രാൻസ്ഫർ പാടില്ലെന്ന ആവശ്യം ഞങ്ങൾക്കില്ല. എന്നാൽ അദ്ധ്യാപകർക്ക് ഏററവും കുറഞ്ഞ ക്ലേശം എന്ന ഒരു സമീപനം വേണ്ടതുണ്ട്. ക്ലേശം എല്ലാവർക്കും വീതിച്ചുകൊടുക്കുകയും വേണം. ക്ലേശം അധികരിപ്പിക്കുക കരുതിക്കൂട്ടിയുള്ള ഒരു നയമായാലോ? ചിലർക്ക് എന്നും 'എൻപിള്ള' പദവിയായാലോ?

4. ചില മാനേജുമെൻറുകൾ നടത്തുന്നവർക്ക് രാഷ്ട്രീയമുണ്ട്. അവർ രാഷ്ട്രീയ സംഘടനകൾ കൊണ്ടുനടത്തുന്നു. അവർ അദ്ധ്യാപകരുടെ സംഘടനകളും ഉണ്ടാക്കുന്നു. ഇവയിലൊക്കെ അംഗങ്ങളും പ്രവർത്തകരുമാകാൻ അദ്ധ്യാപകരെ നിർബന്ധിച്ചാലോ? അതിനനുകൂലിക്കാത്തവരെ ദണ്ഡിപ്പിച്ചാലോ?

ട്രാൻസ്ഫർ പലവക അഴിമതിക്കും അടിസ്ഥാനമായി ത്തീരുന്നു. പണം കൊടുത്ത് ട്രാൻസ്ഫർ വാങ്ങാം, ട്രാൻസ്ഫർ റദ്ദാക്കുകയും ആവാം — മാനേജുമെൻറധികാരത്തിലെ പല തട്ടുകളിൽ ഈ വിധം അഴിമതികൾ പെററുപെരുകുന്നു.

5. അന്നന്നു പലതരം പിരിവുകൾ നടത്തുന്ന മാനേജുമെൻറുകളുണ്ട്. പിരിവുകാരെ സന്തോഷിപ്പിച്ചില്ലെങ്കിൽ ശിക്ഷ. ട്രാൻസ്ഫറാണ് ശിക്ഷയുടെ ഒരു രൂപം. ദംപതിമാർ ഒരേ കോർപ്പറേററ് മാനേജ്മെൻറിൻെറ കീഴിലാണ് ജോലി ചെയ്യുന്നതെങ്കിൽ അവരെ ഒന്നിച്ച് പൊറുക്കാൻ അനുവദിക്കാതിരിക്കുകയാണ് ശിക്ഷയുടെ ഒരു സംപ്രദായം. ഒരു നിശ്ചിത കാലയളവ് ഒരിടത്ത് ജോലി ചെയ്യാൻ അനുവദിക്കുകയൊന്നുമില്ല. ഇടവപ്പാതിക്കാലത്തെ ഇടിവാൾ പോലെയാണ് ട്രാൻസ്ഫർ, അതെപ്പോൾ ആരുടെമേൽ പതിക്കുമെന്നറിയില്ല.

6. ഞങ്ങൾ ആവശ്യപ്പെടുന്നത്, ഗവൺമെൻറിലെന്നപോലെ, കോർപ്പറേററ് മാനേജ്മെൻറുകളുടെ കോളേജുകളിലും ട്രാൻസ്ഫറിൻെറ കാര്യത്തിൽ ചില നിയമ വ്യവസ്ഥകൾ ഉണ്ടാകണമെന്നാണ്. നിയമം എല്ലാവരെയും സംരക്ഷിക്കുകയും എല്ലാവർക്കും സമനീതി കിട്ടുമെന്നുറപ്പാക്കുകയും വേണം.

7. അദ്ധ്യാപകരായി നിയമനം കിട്ടുന്നത് തക്ക പരീക്ഷായോഗ്യതയുള്ളവർക്കാണ്. അവരുടെ ശമ്പളം ഗവൺമെൻറു നൽകുന്നു ഉപരി വിദ്യാഭ്യാസത്തിൻെറ ഭാരമാകെ ഗവൺമെൻറിനാണ്. ജോലി കോർപ്പറേററ് മാനേജ്മെൻറിൻ കീഴിലായിപ്പോയി എന്നുവെച്ച്, ചില അദ്ധ്യാപകർ തങ്ങളുടെ സ

ശേഷം 23–ാം പേജിൽ

## MINUTES OF DISCUSSION HELD BY MINISTER OF EDUCATION WITH REPRESENTATIVES OF PRIVATE COLLEGE TEACHERS ORGANISATIONS ON 14-6-82

Present:

1. Minister of Education.
2. Spl. Secretary, Higher Education.
3. Director of Collegiate Education.
4. Represntatives of the College teachers organisations

At the outset Minister welcomed the representatives of the various organisations and said that the meeting was convened to have an idea of the various problems of the teachers working in private colleges. The representatives of the various organisations pointed out that the assurances given by Government in March 1981 in connection with the strike by college teachers have not been fulfilled so far and requested that immediate steps may be taken to implement those assurances without delay. The teachers have raised the following demands for consideration by Government.

1. The U. G. C. scale of pay for college teachers may be introduced. If this is not possible the non-cadre First Grade Professorship may be allowed for teachers.

2. The posts of Junior Lectures in colleges may be abolished.

3. The amendment introduced to the University Acts in 1978 making provision for forfeiture of salary for two months for failure to do works connected with University examinations may be deleted.

4. Norms may be laid down for transfer of teachers by corporate managements.

5. Provision for inter-management transfer of teachers may be made.

6. The orders regarding counting of Junior Lecturer service for non-cadre Professorship may be given retrospective effect from 1. 7. 1979.

7. The benefit of Family pension and Gratutiy may be allowed to the teachers who opt for chapter III of the Pension Statutes.

8. Anomalies in pay scales for college teachers sanctioned in the pay revision of 1978 may be rectified.

9. Teachers of Private Colleges may be declared as drawing officers as in the case of Government college teachers so that they may drawn their salary in time

10. According to the existing orders the teachers will get the benefit of earned leave for the days of invigilation duty during vacation including intervening public holidays. This causes hardship to teachers as Saturdays are not Public Holidays and examinations are not conducted on Saturdays. The intervening Saturdays may also therefore be included for the purpose.

11. The benefit of earned leave may be allowed to those attending centralised valuation during vacation.

12. It was pointed out that when the strike of collega teachers in February 1981 was withdrawn Government had assured that those teachers who were preperod to work to compensate the working days lost will be given salary for the strike period. The salary for the days of strike may be allowed as teachers had worked in April 1981 to compensate the days lost during strike period.

13. Incentives such as advance increments etc may be granted to those possessingM.Phil/Ph.d degrees.

14. The teachers may be given permission to opt to Non-Cadre II Gr. Professorship with effect from any date subsequent to the date of completion of the

required number of years of service.

15. In the case of teachers appointed against non-substantive vacancies, if they do not complete 8 months of service before the last day of the academic year, their vacation salary may be released as and when they complete one year of service form the date of appointment.

16. The delay in the Office of the Dy D. C. E. Quilon in the passing of bills may be enquired into and instructions may be issued to expedite action for passing the several bills pending there.

17. Non-cadre I grade Professorship may be introduced to teachers and the number of years of service required for the purpose may be fixed as 18 years.

18. Medical reimbursement at the rates in force for Government employees may be allowed for Private collegeeachers also.

19. Spl casual leave may be granted to the office bearers of various teachers associations for organisational activities.

20. At present T. A is not being paid for transfers either by Goverment or by Management. Provision may be made for payment of T. A. for transfers.

21. Offices of Dy D. C. E may be opened at Trichur & Trivandrum.

22. Concurrence of Government for the amendments passed by the Universities of Kerala, and Calicut and pending with Government may be expedited,

23. The orders issued on 22. 4. 1982 sanctioning to count the period spent for in-service courses conducted by University for service benefits may be extended to those who have attended the Diploma courses conducted by University also.

24. Instructions may be issued to the Department to issue annual accounts of Provident Fund deposits.

25. Amendment to the section 57 (6) of the University Acts now under consideration of Government may be introduced as early as possible.

26. At present breaks for a period of two years also are condoned for purpose of promotion as non-cadre Grade II Professors. The breaks exceeding two years in the case of those who have taken leave for higher studies may also be condoned for this purpose.

27. Arrears of DA sanctioned by Government has not been disbursed to private college teachers so far. This may be arranged to be disbursed without further delay.

28. A general order to the effect that continuance service prior to 1. 4. 58 is not necessary for option to continue upto 60 years of age may be issued.

Minister (Education) in his concluding speech said that the possibility of implementing the scheme of U. G. C scales of pay will be taken up again. This will not be however be linked with the question of introduction of non cadre first grade professorship He also said that the demand for deleting the provision in the University Act regarding forfeiture of salary for failure to do examination duties will be examined and steps taken in the matter as early as possible. Minister informed the teacher's representatives that the proposal for introduction of non - cadre I grade Professorship is already nuder consideration of Government and decision on it will be taken soon. The question of abolishing the Junior Lecturer posts will also be examined and decision taken without delay. Minister assured that the request for payment of vacation salary to those teachers who have completed one year service will be considered and necessary instructions issued soon. He further stated that request for disbursing salary to teachers in the month of their appointment will be considered by Government. Regarding the amendment to section 57 (6) of the University Acts the Minister said that action in the matter will be taken as early as possible. As regarding the request for intermanagement transfers Minister informed the teachers that this question will be discussed with the managements. The question of payment of T. A to teachers on transfer will also be discussed with the managements. Regarding retrospective operation of the G. O. reckoning Junior Lecturer

(Continued to page 23)

# എ. കെ. പി. സി. ടി. എ. സംസ്ഥാന കൗൺസിൽ ആവശ്യപ്പെടുന്നു:

(ജൂലൈ 25 ന് നടന്ന സംസ്ഥാന കൗൺസിൽ അംഗീകരിച്ച പ്രമേയങ്ങളുടെ സംഗ്രഹം)

## ശമ്പളം പരിഷ്കരിക്കുക

അഞ്ചുകൊല്ലത്തിൽ ഒരിക്കൽ ശമ്പള പരിഷ്കരണം എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ 1983 ൽ ഗവൺമെന്റ് ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിയ്ക്കുന്നു. ഇതിനായി ജീവനക്കാരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ശമ്പളക്കമ്മീഷനെ ഉടൻ തന്നെ നിയമിക്കണമെന്നും അഭ്യർത്ഥിയ്ക്കുന്നു.

## പരീക്ഷാ പ്രതിഫലം ഉടൻ നല്കുക

കേരള – കോഴിക്കോട് സർവ്വകലാശാലകളിൽ അധ്യാപകർക്ക് പരീക്ഷാപ്രതിഫലം നൽകുന്നതിലുള്ള കാലതാമസത്തെ യോഗം അപലപിച്ചു. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് രണ്ടുമാസത്തിനുള്ളിൽ മുഴുവൻ പ്രതിഫലവും നൽകാനുള്ള സ്ഥിരമായ സംവിധാനം ഉണ്ടാക്കണമെന്നും, 1980 മാർച്ച് – ഏപ്രിൽ, സെപ്റ്റംബർ – ഒക്ടോബർ പരീക്ഷകളുടേത് ഉൾപ്പെടെ മററു പരീക്ഷാപ്രതിഫലത്തിന്റെ മുൻബാക്കി മുഴുവനും ഓണം ഒഴിവിന് മുമ്പ് അധ്യാപകർക്ക് നൽകണമെന്നും യോഗം ഇരു സർവ്വകലാശാലകളോടും അഭ്യർത്ഥിച്ചു.

## ഫെസ്ററിവൽ അലവൻസ്

ഓണത്തിന് ഒരുമാസത്തെ ശമ്പളം ഫെസ്ററിവൽ അലവൻസായി നല്കണമെന്ന് യോഗം ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു.

## കോടതിയിൽ തോററ മാനേജുമെന്റിന് കോളേജും കോഴ്സും നല്കരുത്

സർവ്വകലാശാലാ നിയമപ്രകാരമുള്ള ഭരണസമിതികൾ കോളേജുകളിൽ രൂപീകരിക്കുന്നതിനെതിരേ മാനേജുമെൻറുകൾ കോടതിയിൽ കേസ്കൊടുത്ത് തോററ സ്ഥിതിയിൽ അത്തരം ജനാധിപത്യസമിതികൾ നിർബന്ധമാക്കണമെന്നും ആ വക സർവ്വകലാശാലാനിയമ വ്യവസ്ഥകൾ പാലിക്കാത്ത മാനേജുമെൻറുകൾക്ക് പുതിയ കോളേജുകളോ കോഴ്സുകളോ നല്കരുതെന്നും യോഗം അഭിപ്രായപ്പെട്ടു.

## അഴിമതി അന്വേഷിക്കണം

കോളേജുകളിൽ വിദ്യാർത്ഥികളുടെ പ്രവേശനങ്ങളിൽ വൻതോതിൽ അഴിമതി നടന്നിട്ടുള്ളതിനാൽ അതുസംബന്ധിച്ച് അന്വേഷിച്ച് നടപടികൾ എടുക്കാൻ സർവ്വകലാശാലകളോടും ഗവൺമെൻറിനോടും യോഗം അഭ്യർത്ഥിച്ചു.

## കരിനിയമങ്ങൾ പിൻവലിക്കണം

അധ്യാപകരുൾപ്പടെയുള്ള വിവിധ തൊഴിൽ വിഭാഗങ്ങളുടെ സംഘടനാസ്വാതന്ത്ര്യത്തെ നിഹനിക്കുന്നതും പാർലമെൻറിന്റെ അ

# എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിൽ

ജൂലൈ 11നു് എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിലിൻെറ യോഗം എറണാകുളത്ത്

ഹോട്ടൽ എമ്പസ്സിയിൽ ചേർന്നു. എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ യോഗത്തിൽ അധ്യക്ഷതവഹിച്ചു. ജൂണിൽ കോളേജുകൾ തുറന്നശേഷം എൻ. എസ്. എസ്. മാനേജുമെൻറു് നടത്തിയ സ്ഥലം മാററങ്ങൾ യോഗം വിലയിരുത്തി. മൊത്തം 120 സ്ഥലം മാററങ്ങളിൽ പകുതിയിലധികം അത്യധികം ഉപദ്രവകരമായിട്ടുള്ളതാണ്. ഇതിൽ യോഗം ശക്തിയായി പ്രതിഷേധിക്കുകയും ഈ സ്ഥലം മാററങ്ങൾ റദ്ദാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വ്യക്തമായ നോംസിൻെറ അടിസ്ഥാനത്തിൽ മാത്രമേ സ്ഥലം മാററങ്ങൾ നടത്താവൂ എന്ന് മാനേജുമെൻറിനോട് യോഗം അഭ്യർത്ഥിച്ചു. കോർപ്പറേററ് മാനേജുമെൻറുകളിലെ അധ്യാപകസ്ഥലം മാററങ്ങൾക്കു് തത്ത്വങ്ങൾ ആവിഷ്കരിക്കുന്നതിലേയ്ക്കുള്ള പ്രക്ഷോഭപരിപാടിയുടെ ഭാഗമായി എ കെ പി സി. ടി. എ. യുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേററു പടിക്കൽ നടത്തുന്ന കൂട്ടധർണ്ണ വിജയിപ്പിക്കാൻ യോഗം എല്ലാ അധ്യാപകരോടും അഭ്യർത്ഥിച്ചു.

ലോചനയിൽ ഇരിക്കുത്തതുമായ വ്യവസായ തർക്കഭേദഗതിനിയമം പിൻവലിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ഈ നിയമം പിൻവപ്പിക്കുന്നതിനുള്ള പ്രസ്ഥാനത്തിൽ പങ്കുകൊള്ളാൻ അധ്യാപകരെ യോഗം ആഹ്വാനം ചെയ്തു.

## യോഗ്യതയുള്ള അധ്യാപകരെ നിയമിക്കണം

അധ്യാപകർക്ക് സർക്കാർ ശമ്പളം നല്കുന്ന സ്ഥിതിയിൽപ്പോലും എസ്. എൻ. മാനേജ്മെൻറ് അവരുടെ കോളേജുകളിൽ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുന്നില്ലെന്ന് യോഗം ചൂണ്ടിക്കാട്ടി. സർവ്വകലാശാലാ അഫിലിയേഷൻ നൽകിയിട്ടുള്ള എസ്. എൻ. കോളേജുകളെ പാരലൽ കോളേജുകളുടെ നിലയിലേയ്ക്ക് തരം താഴ്ത്തുന്ന ഈ നടപടിക്കെതിരേ ഉടൻ ഇടപെടണമെന്ന് കേരള –കോഴിക്കോട് സർവ്വകലാശാലകളോട് അസോസിയേഷൻ ആവശ്യപ്പെട്ടു.

## സർവ്വീസ് പരിഗണിക്കണം

കേരളത്തിന് പുറത്തുള്ള എല്ലാ സ്റ്റാററ്യൂട്ടറിസർവ്വകലാശാലകളിലേയും സർവീസ് കേരളത്തിലെ കോളേജുകളിൽ നോൺ – കേഡർ പ്രമോഷന് പരിഗണിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

## പ്രൊഫസർസ്ഥാനം അനുവദിക്കുക

കോളേജുകളിലെ സബ്സീഡിയറി പഠനവിഷയങ്ങളിൽകൂടി കേഡർ പ്രൊഫസർ സ്ഥാനം അനുവദിക്കണമെന്ന് യോഗം സർക്കാരിനോടു് ആവശ്യപ്പെട്ടു.

## സംഘടനാസ്വാതന്ത്ര്യത്തിൻമേൽ മാനേജുമെൻറിൻെറ കടന്നാക്രമണം.

കോ–ഓർഡിനേഷൻ കൗൺസിൽ പാസ്സാക്കിയ പ്രമേയം വേണ്ട നടപടികൾക്കായി അധികാരിക്ക് അയച്ചുകൊടുത്തതിൻെറപേരിൽ കോ–ഓർഡിനേഷൻ സെക്രട്ടറി ഡോ. പി. എസ്. പണിക്കർക്കെതിരായി അച്ചടക്കനടപടിയ്ക്ക് ഉത്തരവിട്ട എൻ. എസ്. എസ്. മാനേജുമെൻറിൻെറ നീക്കത്തെ യോഗം ശക്തിയായി അപലപിക്കുകയും സംഘടനാ സ്വാതന്ത്ര്യത്തിലുള്ള ഈ കടന്നാക്രമണത്തിൽ നിന്നും മാനേജുമെൻറ് പിൻതിരിയണമെന്ന് അഭ്യ

(ശേഷം 14–ാം പേജിൽ)

# സർവ്വീസിൽ നിന്നും വിരമിച്ചു



പ്രൊഫ. എൻ. എസ്. പൈ    പ്രൊഫ. സ്റ്റാൻസിലാസ്

## പ്രൊഫ. പൈ

പ്രൊഫ. എൻ. എസ്. പൈ മുപ്പത്തിയഞ്ചു വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിലെ ബോട്ടണി വിഭാഗത്തിൻെറ മേധാവി എന്ന നിലയിൽ ൽ റിട്ടയർ ചെയ്തു. എ. കെ. പി. സി. ടി. യുടെ ഒരു സ്ഥാപകാംഗമായിരുന്നു പ്രൊഫ. പൈ. സംഘടന നടത്തിയിട്ടുള്ള പല ഐതിഹാസിക സമരങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുത്തിട്ടുണ്ട്.



പ്രൊഫ. കാർത്തിനായർ

## പ്രൊഫ. സ്റ്റാൻസിലാസ്

സെൻറ് ആൽബർട്ട്സ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ നിന്നും കഴിഞ്ഞ മാർച്ചിൽ റിട്ടയർ ചെയ്ത പ്രൊഫ. ഇ. വി. സ്റ്റാൻസിലാസ് സംഘടനയുടെ സജീവ പ്രവർത്തകനായിരുന്നു. 29 വർഷത്തെ പ്രശസ്തമായ സേവനകാലത്തിനു ശേഷമാണ് അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചത്. സംഘടന നടത്തിയിട്ടുള്ള അവകാശസമരങ്ങളിൽ പ്രൊഫ. സ്റ്റാൻസിലാസ് വഹിച്ചിട്ടുള്ള പങ്ക് സ്മരണീയമാണ്.

## പ്രൊഫ. കാർത്തിനായർ

മാർ ഇവാനിയോസ് കോളേജിലെ ഫ്രഞ്ചു് പ്രൊഫസ്സർ മിസ്സിസ് കാർത്തിനായർ ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം മാർച്ച് 31-ം തീയതി സർവ്വീസിൽ നിന്നും വിരമിച്ചു. എ. കെ. പി. സി. ടി. എ. യുടെ അടിയുറച്ച പ്രവർത്തകയായിരുന്നു അവർ. സംഘടനയിലും സംഘടിതശക്തിയിലും അവർക്കുണ്ടായിരുന്ന വിശ്വാസം എല്ലാവർക്കും മാതൃകയാക്കാവുന്നതരത്തിലുള്ളതാണ്.

മാർ ഇവാനിയോസ് കോളേജിലെ ടീച്ചേർസ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ മിസ്സിസ് കാർത്തിനായർക്ക് ഹൃദ്യമായ യാത്ര അയപ്പുനൽകി.

( 17-ാം പേജിൻെറ തുടർച്ച )

സഹോദരാധ്യാപകർക്കില്ലാത്ത അവശതകൾകൊണ്ട് ഞെരിഞ്ഞു തകരണമെന്നില്ലല്ലോ ? എല്ലാവരുടെയും സംരക്ഷയ്ക്ക് ഉത്തരവാദപ്പെട്ട ഗവൺമെൻറ് ഈ അദ്ധ്യാപകരെയും സംരക്ഷിക്കണം.

8 നിയന്ത്രണ വ്യവസ്ഥകൾ;-

1) അനുപേക്ഷണീയമായ ട്രാൻസ്ഫറുകൾ മാത്രം അനുവദിക്കുക.

2) കൊല്ലത്തിൽ ഒരു നിശ്ചിത സമയത്ത് എല്ലാ ട്രാൻസഫറുകളും ഒന്നിച്ച് ഒററയടിക്ക് നടത്തുക.

3) ട്രാൻസ്ഫറിൽ ഉൾപ്പെട്ടിരിക്കുന്ന അസൗകര്യം എല്ലാവർക്കും തുല്യമായി പങ്കിടുക.

4) അദ്ധ്യാപക ദംപതിമാരെ അവരുടെ സ്വസ്ഥമായ കുടുംബജീവിതത്തിന് ഹാനിവരാത്തവിധത്തിൽ ഒരേ സ്ഥാപനത്തിലോ, അടുത്തടുത്ത സ്ഥാപനങ്ങളിലോ നിയമിക്കുക.

5) ട്രാൻസ്ഫറവധിയും യാത്രാബത്തയും അനുവദിക്കുക

6) യൂണിവേഴ്സിററി സ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അവരുടെ പ്രവർത്തനത്തിന് വിഘാതമുണ്ടാക്കുന്ന വിധത്തിൽ സ്ഥലം മാററാൻ പാടില്ല

7) സ്ഥലംമാററ വ്യവസ്ഥകൾ കണിശമരായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ നിയമദത്തമായ അധികാരങ്ങളുള്ള ഒരു സംവിധാനം ഏർപ്പെടുത്തുക.

ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധ മേൽപറഞ്ഞ സംഗതിയിൽ സത്വരമായി പതിയണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം; ആഗസ്ററ് 12, 1982

എം. ആർ. ചന്ദ്രശേഖരൻ (പ്രസിഡൻറ്)

എൻ എം. ജോസഫ് (ജനറൽ സെക്രട്ടറി)

---

(continued from page 19)

service for non-cadre professsorship Minister assured that the decision on this question will be taken soon. He also informed that Govt. are considering the question of introducing amendments to University Acts for the better working of the Universities and that a committee is looking into this question and requested that the suggestion in this regard may be sent to Government for consideration. Minister also said that all the point raised by the representatives of the various Organisations will be considerod and decisions taken without delay. ★

13—ാം പേജിൻെറ തുടർച്ച

പ്രായപ്പെട്ടു. ശാന്തമായിക്കിടക്കുന്ന അധ്യാപനരംഗം വഷളാക്കുവാൻ മാത്രമേ ഇത്തരം നടപടികൾ ഉപകരിക്കുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. സാമാന്യനീതിക്കു നിരക്കാത്തതാണ് ഈ സസ്പെൻഷൻ നടപടിയെന്ന് യോഗത്തിൽ സംബന്ധിച്ച സിൻറിക്കേററ്മെമ്പർ പ്രൊഫ. വി നാരായണൻകുട്ടി പറഞ്ഞു. യൂണിവേഴ്സിററി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ അദ്ദേഹം മാനേജുമെൻറിനോട് ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡൻറ് പ്രൊഫ. കോയാട്ടി യോഗത്തിൽ ആധ്യക്ഷം വഹിച്ചു. പ്രൊഫ. ഐ. ജി. ഭാസ്ക്കരപ്പണിക്കർ, പി വി. ചന്ദ്രമോഹനൻ, പ്രൊഫ കമലാക്ഷി, പ്രൊഫ. ഡേവിഡ്, ഹരിദാസ്, പ്രൊഫ. വി. കെ. രവീന്ദ്രനാഥ്, ജോഫ്രി, പ്രൊഫ ഭാസ്ക്കരൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

---

( 11—ാം പേജിൻെറ തുടർച്ച )

സ്ത്യാനിയും കണ്ണുകടികൊണ്ട് ഈഴവ സ്ഥാപനങ്ങൾ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടതാണെന്നായിരുന്നു ശങ്കറിൻെറ വാദം. എസ്സ്. എൻ. കോളേജിൽ നിന്ന് അനേകം അധ്യാപകരെ പിരിച്ചുവിട്ടതിനെതിരായ പ്രക്ഷോഭണത്തെ മുൻനിർത്തിയാണ് ശങ്കർ ദുർവ്വാദങ്ങൾ ഉന്നയിച്ചത് (പിരിച്ചുവിടപ്പെട്ട അധ്യാപകരിൽ മഹാഭൂരിഭാഗവും ഈഴവ സമുദായാംഗങ്ങളായിരുന്നു.)

കൊല്ലത്തെ ഫാത്തിമാ കോളേജിൽ സമരമുണ്ടായപ്പോഴും കാഞ്ഞിരപ്പള്ളി സെൻറ്ഡൊമിനിക് കോളേജിൽനിന്ന് ഒരു ക്രിസ്ത്യൻ പുരോഹിതനെ പിരിച്ചുവിട്ടതിനെതിരായി അധ്യാപകർ അണിനിരന്നപ്പോഴും ക്രിസ്ത്യൻ സമുദായത്തിനെതിരായ പ്രസ്താനങ്ങളായി അവയെ തല്പരകക്ഷികൾ മുദ്രയടിച്ചു.

അതായത് തങ്ങളുടെദുർനയങ്ങൾക്ക് മറയിടാൻ വേണ്ടി കള്ളം പറയാൻ അവരാരും മടിച്ചിട്ടില്ല. എൻ. എസ്സ്. എസ്സ് കാരുടെ പുതിയ വാദം അത്രയൊന്നും പുതിയതല്ല. ശങ്കറിൻെറ എച്ചിലാണ് അത്. എൻ എസ്സ് എസ്സിൻറ കോളേജിലെ അധ്യാപകരിൽ വലിയൊരു വിഭാഗം നായർ സമുദായത്തിൽപ്പെട്ടവരാണ്. ട്രാസ്ഫർ ദുരിതം കൊണ്ട് വലയുന്നത് നായർസമുദായാംഗങ്ങളാണ്. രവീന്ദ്രൻ നായർ, മാധവൻനായർ, പത്മനാഭൻനായർ, രാമചന്ദ്രൻനായർ, രവീന്ദ്രനാഥൻ പിള്ള, കൊച്ചുനാരായണക്കുറുപ്പ്, കുഞ്ഞിരാമക്കുറുപ്പ് എന്നിങ്ങനെ പേരുള്ള അധ്യാപകരുടെ താല്പര്യത്തെയാണ് എ. കെ. പി. സി. ടി. എ. ഉയർത്തിപ്പിടിക്കുന്നത്. ട്രാൻസ്ഫർ കൊണ്ട് നായർ സമുദായാംഗങ്ങളുടെ കുടുംബ ജീവിതവും സ്വസ്ഥതയും അഭിവൃദ്ധിയും നശിപ്പിക്കുന്ന എൻ. എസ്സ്. എസ്സ് മാനേജ്മെൻറ് നായരുടെ താല്പര്യത്തിനുവേണ്ടിത്തന്നെയോ നിലകൊള്ളുന്നത്? വായനക്കാർ ചിന്തിക്കുക.

ഒരു എൻ എസ്.എസ്. കോളേജ് അധ്യാപകൻ.

kerala private college teacher

monthly journal of the all kerala private college teachers' association

No.38 R. No. M-30265 | 81 Registered No. KL/TV (N) 237

# AKPCTA

കൺവൻഷൻ
ഈ വർഷം
കൊല്ലത്ത്

കൺവൻഷൻദിവസം
പ്രസിദ്ധീകരിക്കുന്നു

# ജേർണൽ സ്പെഷ്യൽ

printed and published by v. narayanan kutty, at chempaka printers, trivandrum-4 phone:
chief editor: v. n. murali.